കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# കൊട്ടാരക്കര നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്

**2018-19**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം എം.എൽ/1567/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം

തീയതി.17/02/2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

**കൊട്ടാരക്കര നഗരസഭ**

സർ,

വിഷയം : **കൊട്ടാരക്കര നഗരസഭ** -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കൊട്ടാരക്കര നഗരസഭയുടെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം **നഗരസഭ** പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ **നഗരസഭ** എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം

4)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം എം.എൽ/1567/19 തീയതി.17/02/2020

**കൊല്ലംജില്ലയിലെ കൊട്ടാരക്കര നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 - ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ **കൊട്ടാരക്കര നഗരസഭയുടെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. **നഗരസഭ** 1.11.2018 മുതൽ 15.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതതുസമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ജി.ബിനുകുമാർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.10.2019 മുതൽ31.10.2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ജി.സജികുമാർ | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |

| | | | |
|---|---|---|---|
| | | ശ്രീ.വി.മണിലാൽ | ഓഡിറ്റ്ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി.സിജാറാണി | അസി.ഓഡിറ്റ്ഓഫീസർ |
| | | ശ്രീമതി.ജയകുമാരി അമ്മ.ജി | സീനിയർഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ബിന്ദു നായർ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.ശ്യാമളഅമ്മ | 1.4.2018മുതൽ31.3.2019വരെ |
| സെക്രട്ടറി | ശ്രീ.ഡി.വി.സനൽകുമാർ | 1.4.2018മുതൽ31.3.2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| മുനി.എൻജിനീയർ | ശ്രീ.ജയഭദ്രൻ | 1.4.18 മുതൽ30.6.18 വരെ |
| | ശ്രീമതി.സുനില | 1.7.18മുതൽ23.7.18 വരെ |
| | ശ്രീ.പ്രേംജിത്ത് | 24.7.18മുതൽ31.7.18 വരെ |
| | ശ്രീ.വിജയകുമാരൻ പിള്ള | 1.8.18മുതൽ31.3.19 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | ശ്രീ.എ.എസ്.പ്രമോദ് | 1.4.2018മുതൽ31.3.2019വരെ |
| മെഡിക്കൽഓഫീസർ (സി.എച്ച്.സി), നെടുമൺകാവ് | ഡോ.ജ്യോതിലാൽ | 1.4.2018മുതൽ31.3.2019വരെ |
| മെഡിക്കൽ ഓഫീസർ, ഗവ.താലൂക്ക് ആശുപത്രി | ഡോ.ബിജു.ബി.എൻ | 1.4.2018മുതൽ31.3.2019വരെ |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.ദീപ.ഐ | 1.4.2018മുതൽ31.3.2019വരെ |
| മെഡിക്കൽ | ഡോ.വൈ.എം.ഷീജ | 1.4.2018മുതൽ31.3.2019വരെ |

| | | |
|---|---|---|
| ഓഫീസർ, (ആയുർവേദം) | | |
| കൃഷി ഓഫീസർ | ശ്രീ.റോഷൻജോർജ്ജ് | 1.4.2018മുതൽ31.3.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.സജി | 1.4.2018മുതൽ31.3.2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സിന്ധു | 1.4.2018മുതൽ31.3.2019വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.കെ.വത്സലാമ്മ | 1.4.2018മുതൽ31.3.2019വരെ |
| വ്യവസായ വികസനഓഫീസർ | ശ്രീ.ബിജു.റ്റി.എസ് | 1.4.2018മുതൽ31.3.2019വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പണികൾ- ടെണ്ടർ ഫീ നഗരസഭാഫണ്ടിൽ ഒടുക്കുന്നില്ല | 1-12 |
| 13 | വാടക ഈടാക്കിയിട്ടില്ല. | 1-13 |
| 14 | വസ്തുനികുതി നിർണ്ണയിച്ചശേഷം ഉപയോഗക്രമത്തിലും ഘടനയിലും മാറ്റം വരുത്തി-1,45,219/- രൂപയുടെ നഷ്ടം | 1-14 |
| 15 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-15 |

| | | |
|---|---|---|
| 16 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-16 |
| 17 | വസ്തുനികുതി പരിഷ്കരിച്ചിട്ടില്ല. | 1-17 |
| 18 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-18 |
| 19 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ-ഉയർന്ന നിരക്ക് നൽകി. | 1-19 |
| 20 | ഡെപ്പോസിറ്റ് വർക്കുകൾ- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 21 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല. | 1-21 |
| 22 | മരാമത്തു പ്രവൃത്തികളിൽ- ടെണ്ടർ കുറവ് ക്രമീകരിക്കാതെ തുക നൽകി. | 1-22 |
| 23 | മരാമത്തു പ്രവൃത്തികൾ രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-24 |
| 25 | കാലായിക്കുന്ന് നടവഴി കോൺക്രീറ്റിംഗ്- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയല്ല. | 1-25 |
| 26 | മാടൻകാവ് കുടിവെള്ള പദ്ധതി രണ്ടാംഘട്ടം- പ്രവൃത്തി ആരംഭിക്കാത്തത് സംബന്ധിച്ച് | 1-26 |
| 27 | കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്-കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല. 756/- രൂപയുടെ നഷ്ടം. | 1-27 |
| 28 | ഉദ്ഘാടനത്തിന് അധികം തുക ചെലവഴിച്ചു. | 1-28 |
| 29 | വക്കീൽ ഫീസ് അധികം നൽകി-തുക നിരാകരിക്കുന്നു. | 1-29 |
| 30 | പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ-സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-30 |
| 31 | ഫണ്ട് വകമാറ്റി -വികസനഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി | 1-31 |
| 32 | വാടകയ്ക്കെടുത്ത ടിപ്പറിനായി ടെസ്റ്റ് നടത്തുന്നതിന് തുക ചെലവഴിച്ചു. | 1-32 |
| 33 | ഗാർഗിക ബയോഗ്യാസ് പ്ലാന്റ്,അർഹമായ വിഹിതം | 1-33 |

| | | |
|---|---|---|
| | ശുചിത്വ മിഷനിൽനിന്നും ആവശ്യപ്പെടാതെ തനതുഫണ്ടിൽ നിന്നും ചെലവഴിച്ച, 27,600/-രൂപാ തടസ്സപ്പെടുത്തുന്നു | |
| 34 | 'കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ (49/19) താലൂക്ക് ആസ്ഥാന ആശുപത്രി യുടെ വെള്ളക്കരം യഥാസമയം ഒടുക്കവരുത്താത്തതിനാൽ വൻതുക പിഴപ്പലിശ ഇനത്തിൽ ഒടുക്കവരുത്തേണ്ടിവരുന്നു. | 1-34 |
| 35 | പി എം എ വൈ /ലൈഫ് ഭവന നിർമ്മാണ പദ്ധതി അവലോകനം | 1-35 |
| 36 | പുതിയ തുറന്ന കിണർ നിർമ്മാണം (94/19), അപാകതകൾ | 1-36 |
| 37 | മുൻകൂർ ക്രമീകരിച്ചിട്ടില്ല. | 1-37 |
| 38 | മുറിച്ചിട്ട തടി ലേലം ചെയ്തിട്ടില്ല. | 1-38 |
| 39 | നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. | 1-39 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 40 | വാടക ഈടാക്കിയിട്ടില്ല. | 2-1 |
| 41 | വസ്തുനികുതി നിർണ്ണയിച്ചശേഷം ഉപയോഗക്രമത്തിലും ഘടനയിലും മാറ്റം വരുത്തി-145219/- രൂപയുടെ നഷ്ടം | 2-2 |
| 42 | വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 2-3 |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 43 | കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ- ഉയർന്ന നിരക്ക് നൽകി34,814/- രൂപ നിരാകരിക്കുന്നു | 3-1 |
| 44 | മരാമത്ത് പ്രവൃത്തി- ടെണ്ടർ കുറവ് ക്രമീകരിക്കാതെ തുക നൽകി.96,864/- രൂപ നിരാകരിക്കുന്നു. | 3-2 |
| 45 | റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില | 3-3 |

| | | |
|---|---|---|
| | ഈടാക്കിയില്ല-4,213/- രൂപയുടെ നഷ്ടം | |
| 46 | കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്-കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല. 756/- രൂപയുടെ നഷ്ടം. | 3-4 |
| 47 | വക്കീൽ ഫീസ് അധികം നൽകി-തുക നിരാകരിക്കുന്നു. | 3-5 |
| 48 | ഉദ്ഘാടനത്തിന് അധികം തുക ചെലവഴിച്ചു. | 3-6 |
| 49 | വാടകയ്ക്കെടുത്ത ടിപ്പറിനായി ടെസ്റ്റ് നടത്തുന്നതിന് തുക ചെലവഴിച്ചു. | 3-7 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 50 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 51 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 52 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 53 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 54 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 55 | സ്ഥിര നിക്ഷേപം | 4-6 |
| 56 | ഓഡിറ്റ് റിക്കവറി | 4-7 |
| 57 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 58 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 59 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 60 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 61 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 62 | അനുബന്ധപത്രികകൾ | അനുബന്ധം-2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

28.3.18 തീയതി-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.19 | 29.7.19 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,51,15,414/- |
| വരവ് | 19,50,80,153/- |
| ആകെ | 23,01,95,567/- |
| ചെലവ് | 16,02,58,693/- |
| നീക്കിയിരിപ്പ് | 6,99,36,874/- |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 1,67,65,683/- | 1,67,65,683/- | 1,65,63,751/- | 2,01,932/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1,79,84,000/- | 1,79,84,000/- | 1,60,34,936/- | 19,49,064/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 3,11,000/- | 3,11,000/- | 0 | 3,11,000/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 1,10,96,000/- | 1,10,96,000/- | 56,40,321/- | 54,55,679/- |
| മെയിന്റനൻസ്, | - | 37,45,000/- | 37,45,000/- | 37,45,000/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| നോൺ-റോഡ് (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 8722299/- | 8722299/- | 5343230/- | 3379069/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) NULM | | 8,48,106/- | 7,77,281/- | 16,25,387/- | 4,17,914/- | 12,07,473/- |
| PMAY | | 1,07,65,998/- | 5,57,16,892/- | 6,64,82,890/- | 4,97,87,974/- | 1,66,94,916/- |
| AUEGS | തൊഴിലാളികളുടെ കൂലി | - | 73,16,022/- | 73,16,022/- | 73,16,022/- | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21,03,414/- | 1,50,00,000/- | 1,71,03,414/- | 80,55,828/- | 90,47,586/- |
| ശുചിത്വമിഷൻ | | 23,18,427/- | 5,04,944/- | 28,23,371/- | 10,57,452/- | 1765,919/- |
| ശുചിത്വമിഷൻ | | 0 | 7989730/- | 7989730/- | 3609143/- | 4380587/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | - | - | - | - | - |
| ബി ഫണ്ട് | | - | 3,14,760/- | 3,14,760/- | 3,14,760/- | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1,83,95,317/- | 4,28,54,560/- | 612,49,877/- | 3,90,98,137/- | 2,21,51,740/- |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1,75,47,211/- | 4,28,54,560/- | 6,04,01,771/- | 3,94,57,504/- | 2,09,44,267/- |
| | ട്രഷറി അക്കൗണ്ട് | 8,31,453/- | 2,30,94,748/- | 2,39,26,201/- | 87,52,600/- | 1,51,73,601/- |
| മറ്റിനം | | 7,00,805/- | 15,00,000/- | 22,00,805/- | 14,78,280/- | 7,22,525/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 246 | 10,68,93,547/- | 150 | 5,77,39,090/- | 12 | 84 | 52.63 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2103414/- | 1,50,00,000/- | 1,71,03,414/- | 80,55,828/- | 90,47,586/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 73,16,022/- | 73,16,022/- | 7,31,60,22/- | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,14,760/- | 333 |
| കർഷകതൊഴിലാളി പെൻഷൻ | 19,24,300/- | 638 |
| വിധവാപെൻഷൻ | 1,59,61,300/- | 5392 |
| വാർദ്ധക്യകാലപെൻഷൻ | 2,10,71,000/- | 6979 |
| വികലാംഗപെൻഷൻ | 44,28,200/- | 1417 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2019 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. **66206/-** രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

(എ ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നഗരസഭരൂപീകൃതമായതിനുശേഷംനാളിതുവരെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് നടന്നിട്ടില്ല.

(സി) ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

(ഡി) വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈ കൊണ്ട് എഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

(ഇ)സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

(എഫ്) ഡി&ഒ ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വസ്തുനികുതി, കെട്ടിടവാടക എന്നിവയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ അപാകത കണ്ടുവരുന്നു. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

(ജി) തൻവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള പല കെട്ടിടങ്ങളും "സഞ്ചയ" സോഫ്റ്റ് വെയറിൽ ഫോം-6-ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ വന്നിട്ടില്ല.

(എച്ച്) ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

(ഐ) സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2012 മുതൽ നടന്നിട്ടില്ല. | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.2.18 | 2017-18 വരെ | ലഭിച്ചിട്ടില്ല. |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ജില്ലാ സഹകരണ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നം. 300812010004) 31.03.2019-ലെ പലിശ വരവുതുകയായ 60,982/-രൂപ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 40572100001763) 01.11.2018- ലെ പലിശ വരവുതുകയായ 6,457/-രൂപയും 01.02.2019-ലെ പലിശ വരവുതുകയായ 6,522/-രൂപയും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം. 40572100001763, കൊട്ടാരക്കര സഹകരണ ബാങ്ക് CA (അക്കൗണ്ട് നം. ലഭ്യമല്ല.) എന്നീ ബാങ്കുകളിലെ അക്കൗണ്ടുകളിൽ നിലവിൽ പണമിടപാടുകൾ ഇല്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യേണ്ടതാണ്.

4. ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2017-18-ലെ തുക തന്നെയാണ് തൻവർഷവും ബി3 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം വികസന ഫണ്ട്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിലെ മുഴുവൻ ചെലവും റവന്യൂ ചെലവായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

5. RP -31 പ്രകാരം തൻവർഷം 1,27,09,936/-രൂപ ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇതിനനുസൃതമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ബി -11 ഷെഡ്യൂൾ പ്രകാരം ആകെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ മൂല്യം 6,67,45,534/-രൂപയാണ്. ബി.3 – ഷെഡ്യൂളിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ 2,79,21,544/-രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. (വ്യത്യാസം 3,88,23,990/-രൂപ). മെയിന്റനൻസ് ഗ്രാന്റ്/തനത് ഫണ്ട് ഉപയോഗിച്ച് സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആസ്തികളുടെ വിവരം ലഭ്യമല്ല.

7. PMAY ഭവനപദ്ധതിയ്ക്കായി ' HUDCO ' യിൽ നിന്നും തൻവർഷം ലഭിച്ച 1,42,00,000/-രൂപയിൽ 71,00,000/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ' Pre-paid

programme expenditure' ( 440500101) എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. ബി-2 ഷെഡ്യൂൾ പ്രകാരം Poverty Alleviation Fund – ഇനത്തിൽ 65,47,586/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
9. ബി.4 ഷെഡ്യൂൾ പ്രകാരം " Grants Contribution for specific purposes – Central Government " എന്ന ഇനത്തിൽ 3,07,98,828/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
10. വാടക ഇനത്തിൽ തൻവർഷം മുൻകൂർ ലഭിച്ച 27,97,866/- രൂപയിൽ 17,09,166/-രൂപ മാത്രമേ Receipt & Payment അക്കൗണ്ടിൽ വരവു വന്നിട്ടുള്ളൂ.
11. ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ : 3008120100004) തൻവർഷം പണമാക്കാത്തതും മൂന്നുമാസത്തെ കാലാവധി കഴിഞ്ഞതുമായ 4,368/- രൂപയുടെ ചെക്ക് (നം. 051556/27.10.2018) "Liabilities in respect of stale cheque" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി കാണിച്ചിട്ടില്ല.
12. സ്റ്റോക്ക് രജിസ്റ്റർ (ഇലക്ട്രിക്കൽ സാധനങ്ങൾ) " Value based " ആയി സൂക്ഷിക്കുന്നില്ല.
13. ബി- 7 ഷെഡ്യൂൾ പ്രകാരം 33,03,284/-രൂപ നിക്ഷേപമുള്ളതിനാൽ 2002-03 മുതലുള്ള നിക്ഷേപങ്ങൾ ഉൾപ്പെടുന്നു. എന്നാൽ ഇവ വർഷം തിരിച്ച് കാണിക്കുകയോ, കാലഹരണപ്പെട്ടവ മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.
14. വസ്തുനികുതി , വാടക, തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, കളക്ഷൻ - ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയും രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല.
15. AUEGS മുന്നിരിപ്പ്, ചെലവ് തുക AFS- മായി പൊരുത്തപ്പെടുന്നില്ല.

Annexure 2

ABSTRACT OF DEFECTS / DISCREPANCIES

1).An amount of Rs. 60,982/- as interest accured as on 31.3.2019 in the District Co-operative Bank account No. 3008120100004, is not included in the AFS.

2).An amount of Rs.6,457/- and 6,522/- accured as interest in Kerala Gramin Bank account (No. 40572100001763) on 01.11.2018 and 01.02.2019 respectively are not entered in the AFS.

3).The inoperative accounts maintained at Kerala Gramin Bank (Account No.40572100001763) and Co-Operative Bank, Kottarakkara (A/C. CA – number not available.) is yet to be closed.

4).The amount allocated in the B-3 schedule " Capital Contribution " is the same as that in 2017-18.

Expense incurred under the head development fund, Central Finance Commission Grant, Maintenance grant etc. are treated as revenue expenditure.

5).As per RP-31, asset worth Rs.1,27,09,936/- has been created during current year, but, equivalent amount has not been allocated as Capital Contribution.

6).As per B-11 Schedule the overall value of asset created is Rs.6,67,45,534/-. But in B-3 Schedule, the amount included on account of Capital Contribution is Only Rs.2,79,21,544/-. The difference is Rs. 3,88,23,990/- for which the details of assets created by maintenance grant/own fund are not available.

7).Out of Rs. 1,42,00,000/- availed from "HUDCO" on account of PMAY Housing Scheme, an amount of Rs.71,000/- has been spent. But this amount is not entered under the head of account " Pre -paid Programme expenditure (440500101)

8).As per B-2 schedule an amount of Rs. 65,47,586/- has been allocated for poverty alleviation fund ". But the details of the same are not available.

9).As per B4 Schedule an amount of Rs.3,07,98,828/- has been earmarked under the head - " Grants Contribution for Specific purposes – Central Government ." . But the details of the Same are not available

10).Out of Rs. 27,97,866/- received in advance on account of rent, Rs.17,09,166/- only has been entered in " Receipts & Payments" account.

11).The outdated cheque No. 051556, dated -27.10.2018 for Rs. 4,368/- cheque issued from DCB A/C No. 30081201000004, is not entered under " Liability in respect of stale cheque" .

12).The stock register (for electrical equipments) is not maintained ' value – based ".

13).B7- Schedule shows an amount of Rs.33,03,284/- as reports from 2002 -03 onwards. But their year -wise details are not available. Nor the barred deposits were forfeited.

14).The DCB statement of Property tax, rent, Profession tax etc. Shown disagreement with the AFS.

15. OB&payment in respect of AUEGS is not agreeing with AFS

## 1-12 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പണികൾ- ടെണ്ടർ ഫീ നഗരസഭാഫണ്ടിൽ ഒടുക്കുന്നില്ല

2018-19-ൽ വിവിധ മരാമത്തുപണികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ടെണ്ടർ ഫീയിനത്തിൽ ലഭിച്ച തുക കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക്(21/30.10.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ

നഗരസഭാഫണ്ടിലേയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ ബോധ്യപ്പെട്ടിട്ടില്ല. കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുക നഗരസഭ ഫണ്ടിൽ മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വാടക ഈടാക്കിയിട്ടില്ല.

നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സ്,ഓപ്പൺ സ്റ്റാൾ എന്നിവ ലേലംകൊണ്ടവർ തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| കടമുറി | വാടകക്കാരന്റെ പേര് | ഈടാക്കേണ്ട വാടക+ ജി.എസ്.ടി (വാർഷികം) | കുടിശ്ശിക |
|---|---|---|---|
| ഓപ്പൺ സ്റ്റാൾ | | | |
| 10ബി | ജോൺസൺ<br>പാത്രൂർ വീട്<br>പൂവറ്റൂർ | 5994+1079 | 7073 |
| 23 | ഷെരീഫ്<br>ഷഹനാ<br>മൻസിൽ | 47085+8475 | 55560 |
| 37 ബി | അഷ്റഫ്.കെ<br>നസീബ്<br>മൻസിൽ | 5988+1078 | 7066 |
| 46 | തങ്കപ്പ റാവുത്തർ<br>കുഴിവിളവീട് | 17107+3079 | 20186 |
| 48 എ | സിറാജ്ജുദ്ദീൻ<br>മുംതാസ്<br>മൻസിൽ | 11487+2068 | 13555 |
| 49 എ | ശശിധരൻ<br>ശ്രീകൃഷ്ണവിലാസം | 6059+1091 | 7150 |
| 51 ബി | ഷെഫീൻ<br>ഷഹനാ<br>മൻസിൽ | 5988+1078 | 7066 |
| 55 എ | അബ്ദുൾ റഹീം<br>റഹന മൻസിൽ | 8391+1510 | 9901 |
| 55 ബി | അബ്ദുൾ റഹീം<br>റഹന മൻസിൽ | 7174+1291 | 8465 |
| മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് (മാസവാടക+ ജി.എസ്.ടി) | | | |

| | | | |
|---|---|---|---|
| റൂം നം.13 | എ.ഹരികുമാർ രാമമന്ദിരം | 4154+748X9 | 10886 |
| റൂം നം.16 | അൽ-അമീൻ | 2513+452X9 | 6581 |
| ഫിഷ് സ്റ്റാൾ (വാർഷികം) | | | |
| നം.9 | നവാസ്.പി തസ്ലീമാ മൻസിൽ | 16632+2994 | 19626 |
| നം.10 | മുഹമ്മദ് ഖനി കോയിപ്പുറത്ത് വീട് | 24948+4491 | 29439 |
| നം.12 | സ്റ്റെല്ല കുതിരമുനമ്പേൽ | 12475+2245 | 14720 |
| നം.13 | റീത്ത ആന്റണി റീനാ ഭവനം | 41580+7485 (ടിതുകയിൽ 15000+2700(ജി.എസ്.ടി)ഈടാക്കി) | 31365 |
| നം.26 | സക്കീർ ചരുവിള വീട് | 5405+973 | 6378 |
| | | | 255017 |

മേൽ വാടകക്കാരിൽനിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കി. വാടകക്കുടിശ്ശിക (ജി.എസ്.ടി ഉൾപ്പെടെ) 2,55,017/-രൂപ പിഴപ്പലിശസഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

എൻക്വയറി നം. 4/23.10.19

## 1-14 വസ്തുനികുതി നിർണ്ണയിച്ചശേഷം ഉപയോഗക്രമത്തിലും ഘടനയിലും മാറ്റം വരുത്തി-1,45,219/- രൂപയുടെ നഷ്ടം

**ഫയൽ നം.R1/E1/16662/17/22.3.18**

IV-ാം വാർഡിൽ ഡോ.യുഹന്നാൻ മാർ ദേവോദോറോസ് മെത്രോപ്പൊലീത്തയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 96 എ, 96ബി, 96സി എന്നിങ്ങനെ നമ്പർ അനുവദിച്ചിട്ടുണ്ട്.ടി കെട്ടിടത്തിൽ ഇപ്പോൾ "ഡിമോസ്" ഫർണ്ണിച്ചർ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഫയൽ,അസ്സസ്സ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് താഴെപ്പറയും പ്രകാരം ആകെ 1492.38 എം$^2$ ന് നികുതി നിർണ്ണയിച്ചിട്ടുണ്ട്.

ഗ്രൗണ്ട് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

ഫസ്റ്റ് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

സെക്കന്റ് ഫ്ലോർ- 488എം$^2$+28.38m$^2$(പാർപ്പിടാവശ്യം)

എന്നാൽ 6.6.2018 ൽ ഓവർസിയർ നടത്തിയ പരിശോധനയിൽ ടി കെട്ടിടത്തിന്റെ മുൻഭാഗത്ത് ഇരുവശത്തുമായി ഷീറ്റിട്ട് മറച്ചതായി (8.2 mX 2.8m + 9.9 mX 1.8m ) റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആയതു പൊളിച്ചുനീക്കുന്നതിന് ടിയാന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും ആയതു പൊളിച്ചുനീക്കിയിട്ടില്ലാത്തതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

കൂടാതെ കെട്ടിടനമ്പർ നൽകിയശേഷം ഉപയോഗക്രമത്തിലും ഘടനയിലും മാറ്റം വരുത്തിയിട്ടുണ്ട്. സെക്കന്റ് ഫ്ലോർ പാർപ്പിടാവശ്യം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ടി ഫ്ലോറിന്റെ 516.38എം$^2$ ഭാഗവും വാണിജ്യാവശ്യത്തിന് (ഓഫീസ് റൂം ഉൾപ്പെടെ) ഉപയോഗിക്കുന്നതായി 28.10.2019 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. തേർഡ് ഫ്ലോർ കെട്ടിയടച്ച് (ട്രസ്സ് വർക്ക്)മേൽ സ്ഥാപനത്തിന്റെ സ്റ്റോർ റൂമായും ഉപയോഗിക്കുന്നു. തേർഡ് ഫ്ലോറിന്റെ ക്രമവൽക്കരണത്തിനായി ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള ഏരിയയുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

ഗ്രൗണ്ട് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

ഫസ്റ്റ് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

സെക്കന്റ് ഫ്ലോർ-488m$^2$(പാർപ്പിടാവശ്യം)

സെക്കന്റ് ഫ്ളോർ യഥാർത്ഥത്തിൽ 516.38m$^2$ ആണെങ്കിലും ക്രമവൽക്കരണത്തിന് നൽകിയ അപേക്ഷയിൽ 488m$^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

തേർഡ് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

സ്ഥലപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെച്ചേർക്കുന്നു.

1.ഗ്രൗണ്ട് ഫ്ലോറിൽ എയർ കണ്ടീഷനിംഗ് സംവിധാനം ഉണ്ടെങ്കിലും ആയതനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല.

2.റോഡിൽനിന്നുള്ള അകലം 5 മീറ്ററില്ലാത്തതും പാർശ്വാങ്കണത്തിന് നിശ്ചിത അകലം പാലിച്ചിട്ടില്ലാത്തതുമാണ്.

3.കാർ പാർക്കിങ്ങിനായി പ്രത്യേകം സ്ഥലം നീക്കിവച്ചിട്ടുണ്ടെങ്കിലും ആയതു നിർമ്മിച്ചിട്ടില്ല.

4.പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ലിഫ്റ്റ് നിർമ്മിച്ചിട്ടില്ല.

വസ്തുനികുതി നിർണ്ണയിച്ചതുപ്രകാരം നഗരസഭയ്ക്ക് നഷ്ടമായ തുകയുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫ്ളോർ | വിസ്തീർണ്ണം | ഈടാക്കിയ നികുതി@120 | ഈടാക്കേണ്ട നികുതി@120 | നഷ്ടം |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 488എം$^2$ | 488എം$^2$X120= 58560+<br>20496(റോഡിന്റെ തരം-20% തറനിർമ്മിതി-15%)<br>ആകെ-79056 | 58560+<br>26352(റോഡിന്റെ തരം-20%+ തറനിർമ്മിതി-15%+കേന്ദ്രീകൃത എയർകണ്ടീഷൻ-10%)<br>ആകെ-84912 | 5856 |
| ഫസ്റ്റ് ഫ്ലോർ | 488എം$^2$ | 488എം$^2$X120=<br>58560+<br>20496(റോഡിന്റെ തരം-20%+ തറനിർമ്മിതി-15%)<br>=79056-3953<br>(വ്യവസായ ആവശ്യത്തിനുള്ള പരിമിതി)(-5%)<br>ആകെ-75103 | 58560+<br>20496-3953(റോഡിന്റെ തരം-20%+ തറനിർമ്മിതി-15%-വ്യവസായ ആവശ്യത്തിനുള്ള പരിമിതി (-5%)<br>ആകെ-75103 | - |
| സെക്കന്റ് ഫ്ലോർ | 516.38എം$^2$(488+28.38m2) | 516.38എം$^2$X12=<br>6197+2169(റോഡിന്റെ തരം-20% തറനിർമ്മിതി-15%)ആകെ-8366 | 516.38എം2X120= 61966+21688 (റോഡിന്റെ തരം-20%+ തറനിർമ്മിതി-15%)<br>=83654-6197<br>വ്യവസായ ആവശ്യത്തിനുള്ള പരിമിതി(-10%)<br>ആകെ-77457 | 69091 |
| തേർഡ് ഫ്ലോർ | 488എം$^2$ | നിർണ്ണയിച്ചിട്ടില്ല. | 488എംX120=<br>58560+<br>20496(റോഡിന്റെ തരം-20%+ തറനിർമ്മിതി-15%) | 70272 |

| | | | | |
|---|---|---|---|---|
| | | | =79056-8784<br>വ്യവസായ ആവശ്യത്തിനുള്ള പരിമിതി(-15%)<br>ആകെ-70272 | |
| ആകെ | | | | 145219 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് കെട്ടിടനികുതി പുനർനിർണ്ണയം നടത്തി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

മേൽപ്രകാരം കെട്ടിടം ക്രമവൽക്കരിക്കേണ്ടതും പാർപ്പിടാവശ്യം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ച സെക്കന്റ് ഫ്ലോറിന് 200 ചതുരശ്രമീറ്ററിനു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ചുമത്തേണ്ട 120 രൂപ നിരക്കിൽ നികുതി (ബഹുനില കെട്ടിടത്തിന് അനുവദനീയമായ ഇളവ് നൽകി) നിർണ്ണയിക്കേണ്ടതുമാണ്.അനധികൃത നിർമ്മാണം പൊളിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.നഗരസഭയ്ക്ക് നഷ്ടമായ 1,45,219/- രൂപ സേവനനികുതി, ലൈബ്രറി സെസ്സ് എന്നിവ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 11/26.10.19

## 1-15 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

**1.ഫയൽ നം.R1/E1/5357/18/21.6.18**

ശ്രീ.ഗോപാലകൃഷ്ണൻ & ശ്രീമതി. മിനിമോൾ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് KM II/1893 A,1893 B, 1893 C നമ്പർ പ്രകാരം 501.95 എം2 ന് നികുതി നിർണ്ണയിച്ചിട്ടുണ്ട്.

സെല്ലാർ ഫ്ലോർ-116.26 എം2

ഗ്രൗണ്ട് ഫ്ലോർ-122.66എം2(വാണിജ്യാവശ്യം)

ഫസ്റ്റ് ഫ്ലോർ-122.66എം2(വാണിജ്യാവശ്യം)

സെക്കന്റ് ഫ്ലോർ- 122.66എം2(വാണിജ്യാവശ്യം)

സ്റ്റെയർറൂം &ലിഫ്റ്റ്-17.71 എം2

ടി കെട്ടിടത്തിന്റെ ഭൗതിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

ഗ്രൗണ്ട് ഫ്ലോറിൽ തമ്പുരാൻ ജ്വൂവലറി എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ടി ഫ്ലോറിൽ കേന്ദ്രീകൃത എയർ കണ്ടീഷൻ ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിലുള്ള 10% വർദ്ധനവു വരുത്തിയല്ല നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ III ഫ്ലോർ സ്റ്റെയർറൂമായി

കണക്കാക്കി 17.71 എം2 ന് II ഫ്ലോറിനൊപ്പം നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ III ഫ്ലോർ ട്രസ്സ് വർക്കുചെയ്ത് ഭാഗികമായി കെട്ടിയടച്ച നിലയിലാണ്.ആയതനുസരിച്ച് 122.66എം2 ന് നികുതി നിർണ്ണയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫ്ലോർ | വിസ്തീർണ്ണം | ഈടാക്കിയ നികുതി@120 | ഈടാക്കേണ്ട നികുതി (സേവനനികുതി, ലൈബ്രറി സെസ് ഉൾപ്പെടെ) | നഷ്ടം |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 161.41<br>(122.66+<br>38.75)(common area) | 19369+6779(20%-റോഡിന്റെ തരം 15%-തറ നിർമ്മിതി)<br>26148+<br>2615(ST)<br>1308(L/C)=<br>30071 | 19369+8716<br>(20%-റോഡിന്റെ തരം<br>15%-തറ നിർമ്മിതി<br>10%-കേന്ദ്രീകൃതA/C)<br>28085+2809+1404<br>=32298 | 2227 |
| ഫസ്റ്റ് ഫ്ലോർ | 161.41<br>(122.66+<br>38.75)<br>(common area) | 19369+6779<br>(20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി)<br>26148X95/100=<br>(വ്യവസായ ആവശ്യത്തിനുള്ള പരിമിതി)<br>24841+2484+1242=28567 | 19369+6779-968<br>(20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി)-5%<br>(വ്യവസായആവശ്യത്തിനുള്ള പരിമിതി)=<br>25180+2518+1259=28957 | 390 |
| സെക്കന്റ് ഫ്ലോർ | 179.13(122.66+<br>38.75(common area)+<br>17.71 (സ്റ്റെയർറൂം) | 21496+7524<br>(20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി)<br>29020X90/100=<br>(വ്യവസായ ആവശ്യത്തിനുള്ള പരിമിതി)<br>26118+2612+1306=30036 | 179.13X120=<br>21496+7524<br>(20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി)-10%<br>(വ്യവസായ ആവശ്യത്തിനുള്ള പരിമിതി)=<br>26870+2687+1343=30900 | 864 |
| തേർഡ് ഫ്ലോർ | 122.66 | - | 14719+5151<br>(20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി)=15%<br>(വ്യവസായ ആവശ്യത്തിനുള്ള പരിമിതി=<br>17663+1766+883=20312 | 20312 |
| ആകെ | | | | 23793 |

സ്ഥലപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെച്ചേർക്കുന്നു.

1.കെട്ടിടത്തിന്റെ പുറകുവശം ,പാർശ്വാങ്കണം എന്നിവ കൃത്യമായ അളവു പാലിക്കുന്നില്ല.

2.ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തുനികുതിയിനത്തിൽ കുറവു വന്ന 23,793/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

II . <u>ഫയൽ നം.R1/E1/4844/18/3.4.18</u>

ശ്രീ.ബേബിക്കുട്ടി, കൊച്ചുവിള പണയിൽ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് KM IV/1095 A,1095 B,1095 C,1095 D എന്നിങ്ങനെ നമ്പർ നൽകി 258.83 $m^2$ ന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിൽ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള 10% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടിനത്തിൽ 7144/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫ്ലോർ | വിസ്തീർണ്ണം | ഈടാക്കിയ നികുതി@110 | ഈടാക്കേണ്ട നികുതി@120 | നഷ്ടം |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ 1095 A | 9.94 | 1093+ 219(20%-റോഡിന്റെ തരം) 1312+131+66= 1509 | 1193+358(20%-റോഡിന്റെ തരം 10%-കേന്ദ്രീകൃതA/C) 1551+155+78= 1784 | 275 |
| 1095B | 151.75 | 16693+3339(20%-റോഡിന്റെ തരം) 20032+2003+ 1002=23037 | 18210+5463(20%-റോഡിന്റെ തരം 1 10%-കേന്ദ്രീകൃതA/C) 23673+2367+ 1184=27224 | 4187 |
| 1095 C | 82 | 9020+1804(20%-റോഡിന്റെ തരം) 10824+1082+541= 12447 | 9840+2952(20%-റോഡിന്റെ തരം 10%-കേന്ദ്രീകൃതA/C) 12792+1279+640=14711 | 2264 |
| 1095D | 15.14 | 1665+333(20%-റോഡിന്റെ തരം ) 1998+200+100= 2298 | 1817+545(20%-റോഡിന്റെ തരം 10%-കേന്ദ്രീകൃതA/C) 2362+236+118= 2716 | 418 |
| **ആകെ** | | | | **7144** |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തു നികുതിയിനത്തിൽ കുറവു വന്ന 7144/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 17 /29.10.19

## 1-16 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

നഗരസഭാ പരിധിയിൽ ആകെ 15 ടവറുകളുടെ വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ടി ടവറുകളിൽനിന്നും കുടിശ്ശിക നികുതി ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ഈടാക്കേണ്ട നികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|
| II/1464 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 972+ ST+ L/C | 2015-16 മുതൽ |
| II/1678 | റ്റാറ്റാ ടെലി സർവ്വീസ് ലിമിറ്റഡ് | 486+ ST+ L/C | 2013-14 മുതൽ |
| II/1736 | വയർലെസ് റ്റി.റ്റി.ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 4995+ ST+ L/C | 2013-14മുതൽ |
| II/1762 | ഭാരതി ഇൻഫോടെൽ ലിമിറ്റഡ് | 4995+ ST+ L/C | 2015-16മുതൽ |
| II/1784 | വൊഡഫോൺ ഐഡിയ ലിമിറ്റഡ് | 4580+ ST+ L/C | 2015-16മുതൽ |
| III/1586 | ഡിഷ്നെറ്റ് | 4995+ | 2013- |

| | | | |
|---|---|---|---|
| | വയർലെസ് ലിമിറ്റഡ് | ST+ L/C | 14മുതൽ |
| III/1607 | വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് | 4995+ ST+ L/C | 2013-14മുതൽ |
| III/1677 | വയർലെസ് റ്റി.റ്റി.ഇൻഫോ സർവ്വീസ് ലിമിറ്റഡ് | 4995+ ST+ L/C | 2013-14മുതൽ |
| V/891 | റിലയൻസ് ഇൻഫോടെൽ ലിമിറ്റഡ് | 4995+ ST+ L/C | 2013-14മുതൽ |
| XIII/644 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 4995+ ST+ L/C | 2015-16മുതൽ |
| XV/1144 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് | 16335+ ST+ L/C | 2013-14മുതൽ |
| V/932 | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 4995+ ST+ L/C | 2015-16മുതൽ |
| IX/866 | ഇൻഡസ് ടവേഴ്സ് | 7095+ ST+ L/C | 2015-16മുതൽ |
| VI/809 | ഇൻഡസ് ടവേഴ്സ് | 3900+ ST+ L/C | 2015-16മുതൽ |
| XI/1088 | ഇൻഡസ് ടവേഴ്സ് | 4050+ ST+ | 2015-16മുതൽ |

| | | L/C | |
|---|---|---|---|

കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് (18/29.10.2019)ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായും നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയത് കാലഹരണപ്പെട്ട് പോകാൻ സാധ്യതയുള്ളതും ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയാകാനും ഇടയാക്കും. കുടിശ്ശിക ഈടാക്കുന്നതിന് അധികൃതരുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

എൻക്വയറി നം. 18 /29.10.19

## 1-17 വസ്തുനികുതി പരിഷ്ക്കരിച്ചിട്ടില്ല.

നഗരസഭയിൽ പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിലൂടെ കെട്ടിടത്തിന്റെ നികുതി നിർണ്ണയം പൂർത്തിയാക്കാത്തതിനാൽ പരിഷ്ക്കരിച്ച നിരക്കിലുള്ള നികുതി ഈടാക്കാൻ സാധിച്ചിട്ടില്ല. പഴയ കെട്ടിടങ്ങളുടെ ഘടനാപരമായ മാറ്റത്തിനനുസരിച്ച് നികുതി നിർണ്ണയിച്ച് നഗരസഭയുടെ തനതുവരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്വെയറിലൂടെ നികുതി നിർണ്ണയം നടത്തേണ്ടതും ആയതനുസരിച്ച് വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-18 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

**എ)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ,2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം നഗരസഭാപ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധവർഷവും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്. 2018-19 സാമ്പത്തികവർഷം വിവിധ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടവാക്കാത്തതായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ICICIബാങ്ക്, കൊട്ടാരക്കര | I & II |
| 2 | ICICI പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ, കൊട്ടാരക്കര | II |
| 3 | കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊട്ടാരക്കര | I & II |
| 4 | ഡി ഡി ആർ സി എസ് ആർ എൽ ഡയഗ് നോസ്റ്റിക്ക് (പ്ര) ലി, കൊട്ടാരക്കര | I & II |
| 5 | നാഷണൽ ഇൻഷുറൻസ് കമ്പനി, കൊട്ടാരക്കര | I & II |
| 6 | ആക്സിസ് ബാങ്ക് , കൊട്ടാരക്കര | I & II |
| 7 | ഫോക്സ് മാർട്ടസ് ലിമിറ്റഡ് കോളേജ് ജം. | I & II |

| | | |
|---|---|---|
| | ,കൊട്ടാരക്കര | |
| 8 | എച്ച് ഡി എഫ് സി, ഹോം ലോൺ, പുലമൺ | II |
| 9 | ഭാവന ടെക്സ്റ്റൈൽസ്,കൊട്ടാരക്കര | I & II |
| 10 | ബി എസ് എൻ എൽ, കൊട്ടാരക്കര | I & II |

കൂടാതെ നിരവധി ചെറുകിട സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

**ബി- ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

അഭിഭാഷകർ, കരാറുകാർ എന്നിവരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (15/23.10.19) മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും , അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്.

സ്ഥാപന തൊഴിൽനികുതി ഈടാക്കാനുള്ള സ്ഥാപനങ്ങൾ, അഭിഭാഷകർ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി നഗരസഭ ഫണ്ടിൽ മുതൽക്കൂട്ടേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-19 കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ- ഉയർന്ന നിരക്ക് നൽകി.

1. പ്രോജക്റ്റ് നം. : 96/19

പേര് : കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്
അടങ്കൽ: 1,50,000/-
ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് -റോഡ്
നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
കരാർ നം.: 46/എ.ഇ./18-19/5.10.2018
കരാറുകാരൻ : ശ്രീ ശ്രീകുമാർ(എസ്റ്റിമേറ്റ് നിരക്ക്)
ചെലവ് : 1,49,686/-രൂപ
ബിൽ നം. 49/7.1.2019
എം.ബുക്ക് നം. : 29/18-19
2. പ്രോജക്റ്റ് നം. : 12/19
പേര് : ഉരുമുറ്റം- പാലവിള കോളനി റോഡിന് സംരക്ഷണഭിത്തി നിർമ്മാണം
അടങ്കൽ:4,50,000/-
ഫണ്ടിനം : എസ്.സി.പി.ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
കരാർ നം.: 24/എ.ഇ./18-19/25.9.2018
കരാറുകാരൻ : ശ്രീ സതീശൻ (എസ്റ്റിമേറ്റ് നിരക്ക്)
ചെലവ് : 4,42,452/-രൂപ
ബിൽ നം. 70/18.3.2019
എം.ബുക്ക് നം. : 53/18-19

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തികളിൽ കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട് (പ്രോജക്ട് നം. : 12/19) എന്ന പ്രവൃത്തിയുടെ നാലാമിനമായി 111 ക്യൂബിക് മീറ്ററും ഉരുമൂറ്റം- പാലവിള കോളനി റോഡിന് സംരക്ഷണഭിത്തിനിർമ്മാണം എന്ന പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അധികയിനങ്ങളിലെ ഏഴാമിനമായി 98.98 ക്യൂബിക് മീറ്ററും കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നു നിറച്ചതിന് ഡി.എസ്.ആർ. കോഡ് 60.2.1 പ്രകാരം ക്യൂബിക് മീറ്ററിന് 460.77/- രൂപ നിരക്കിൽ യഥാക്രമം 51,145/- രൂപയും 45,607/- രൂപയും നൽകിയിട്ടുണ്ട്. ഇടുങ്ങിയ കുഴികൾ, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവിടങ്ങളിൽ മണ്ണ് നിറയ്ക്കുന്നതിന് നൽകേണ്ട ഉയർന്ന നിരക്കാണ് ഇവിടെ നൽകിയിരിക്കുന്നത്. എന്നാൽ റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കുന്ന ടി പ്രവൃത്തികളിൽ ബേസ്മെന്റ്, സൂപ്പർസ്ട്രക്ചർ എന്നിവ നിർമ്മിച്ച ശേഷം ഏകദേശം 2 മുതൽ 4.5 മീറ്റർ വരെ വീതിയിൽ ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലാണ് നടത്തിയിട്ടുള്ളത്. ഇതിന് അനുവദനീയമായത് ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലിന് ഡി.എസ്.ആർ. കോഡ് 50.2.26.1 പ്രകാരമുള്ള ക്യൂബിക് മീറ്ററിന് 294.97/- എന്ന നിരക്കാണ്. ഉയർന്ന നിരക്ക് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, സംരക്ഷണഭിത്തി കെട്ടി ബാക്ക് ഫില്ലിംഗ് നടത്തുന്നതിനാണ് പ്രസ്തുത നിരക്ക് നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് അംഗീകരിക്കാൻ കഴിയില്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

1. <u>കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്:</u>
അനുവദിച്ച നിരക്ക് :111x460.77= 51,145/-
അനുവദനീയമായ നിരക്ക് :111x294.97= 32,742 /-
അധികം നൽകിയത് : **18,403/-**
2. <u>ഉരുമൂറ്റം- പാലവിള കോളനി റോഡിന് സംരക്ഷണഭിത്തി നിർമ്മാണം</u>
അനുവദനീയമായ നിരക്ക് :98.98*294.97= 29,196 /-
അനുവദിച്ച നിരക്ക് :98.98x460.77=45607
അധികം നൽകിയത് : **16,411/-**

അനുവദിച്ച നിരക്ക് :98.98x460.77= 45,607/-

അധികം നൽകിയ 34,814/-(18403+16411) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.
എൻക്വയറി നം. 1/18.09.2019(ഖ.3-1)

## 1-20 ഡെപ്പോസിറ്റ് വർക്കുകൾ- പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നം.176/19 -ൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും കേരള വാട്ടർ

അതോറിറ്റി, പി.എച്ച്.ഡിവിഷൻ, കൊട്ടാരക്കര എക്സി.എഞ്ചിനീയർക്ക് ഡെപ്പോസിറ്റ് വർക്കിനത്തിൽ തുകകൾ മുൻകൂർ നൽകിയെങ്കിലും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റേയും ബാക്കി തുകയുണ്ടെങ്കിൽ തിരികെ ഈടാക്കിയതിന്റേയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. 29.1.2018-ലെ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. നം. പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ മുൻകൂർ തുക നൽകുന്നതിന് മുൻപ് നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ ഇതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1. | ചെന്തറ വാർഡിൽ മുസ്ലീം സ്ട്രീറ്റ് പാലത്തിന് സമീപം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 75/18.3.2019 | 2,80,000 |
| 2. | കൊണ്ടോട്ടിമൂല മുതൽ മൈത്രി നഗർ കോളനി വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 76/18.3.2019 | 87,900 |
| 3. | ശാസ്താംമുകൾ വാർഡിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2/20.3.2019 | 99,600 |
| 4. | കാടാംകുളം വാർഡിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 8/22.3.2019 | 12,630 |
| | **ആകെ** | | **4,80,130** |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായതിനാലാണ് കരാർ വയ്ക്കാതിരുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയത് അംഗീകരിക്കുന്നില്ല. 4,80,130/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം13/26.10.2019.

## 1-21 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെപ്പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പായ്ക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ

അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ(കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില(238+18% ജി.എസ്.ടി) |
|---|---|---|---|---|
| 1. | **നം.289/19-എം.സി. റോഡ്- ഈയംകുന്ന് റോഡ് റീടാറിംഗ്** അടങ്കൽ:4,90,000/- ഫണ്ടിനം: എസ്.സി.പി. ചെലവ് :4,89,730/- രൂപ. ബിൽ നം.:62/18.3.2019 എം.ബുക്ക്നം.: 45/18-19 കരാറുകാരൻ:ശ്രീ സതീശൻ.എൻ | 2161+202.5 | 15 | 4,213 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പ്രകാരം ഈടാക്കാതിരുന്ന ബാരലിന്റെ വിലയായ 4,213/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.8/25.10.2019.(ഖ.3-3)

## 1-22 മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ തുക നൽകി.

താഴെപ്പറയുന്ന മരാമത്തു പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽനിന്നും ടെണ്ടർ കുറവ് ക്രമീകരിച്ചിട്ടില്ല;

1. പ്രോജക്ട് : കല്ലുവാതുക്കൽ- തൈപ്പണ റോഡ് കോൺക്രീറ്റിംഗ്
(നം.168/19)
അടങ്കൽ: 1,00,000(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)
50,000(തനതുഫണ്ട്)
ചെലവ്: 1,49,407
ബിൽ നം.: 26/17.11.2018=1,00,000

ചെക്ക് നം.: 1788519/20.10.2018=49,407
കരാറുകാരൻ: ശ്രീ എൻ. രാജ്ഞ
ടെണ്ടർ കുറവ്: 10.1%
കരാർ നം. : 11/17-18/25.7.2018
എം ബുക്ക് നം.: 13/18-19

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തി കരാറുകാരനായ ശ്രീ എൻ. രാജ്ഞ 10.1% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് കരാർ വച്ചിട്ടുള്ളതാണ്. അളവുപുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 1,49,407/- രൂപയാണ്. ടെണ്ടർ കുറവ് ക്രമീകരിച്ച് ആകെ ചെലവഴിക്കാവുന്ന തുക തുക 1,34,317/- രൂപയാണ്. എന്നാൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ 1,49,407/- രൂപ ചെലവഴിച്ചതുമൂലം കരാറുകാരന് 15,090/- രൂപ അധികം നൽകിയിട്ടുണ്ട്.

2. പ്രോജക്ട് : ധന്യ ഓഡിറ്റോറിയത്തിന് സമീപം സ്ലാബ് നിർമ്മാണം
(നം.63/19)
അടങ്കൽ: 1,00,000(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)
50,000(തനതുഫണ്ട്)
ചെലവ്: 1,44,324
ബിൽ നം.: 29/31.10.2018=1,00,000
ചെക്ക് നം.: 1054248/14.11.2018=44,324
കരാറുകാരൻ: ശ്രീ ആർ. ശിവകുമാർ
ടെണ്ടർ കുറവ്: 16.66%
കരാർ നം. : 16/18-19/2.9.2018
എം ബുക്ക് നം.: 17/18-19

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തി കരാറുകാരനായ ശ്രീ ആർ. ശിവകുമാർ 16.66% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് കരാർ വച്ചിട്ടുള്ളതാണ്. അളവുപുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 1,44,324/- രൂപയാണ്. ടെണ്ടർ കുറവ് ക്രമീകരിച്ച് ആകെ ചെലവഴിക്കാവുന്ന തുക 1,20,280/- രൂപയാണ്. എന്നാൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ 1,44,324/- രൂപ ചെലവഴിച്ചതുമൂലം കരാറുകാരന് 24,044/- രൂപ അധികം നൽകിയിട്ടുണ്ട്.

3. പ്രോജക്ട് : കാലായിക്കുന്ന് -നടവഴി കോൺക്രീറ്റിംഗ്
(നം.194/19-സ്പിൽ ഓവർ)
അടങ്കൽ: 2,37,900(എസ്.സി.പി.)
ചെലവ്: 1,90,656

ബിൽ നം.: 14/25.5.2018
കരാറുകാരൻ: ശ്രീ. ചന്ദ്രബാബു
ടെണ്ടർ കുറവ്: 20.7%
കരാർ നം. : 42/16-17/6.2.2017
എം ബുക്ക് നം.: 73/17-18

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തി കരാറുകാരനായ ശ്രീ. ചന്ദ്രബാബു 20.7% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് കരാർ വച്ചിട്ടുള്ളതാണ്. അളവുപുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 1,90,656/- രൂപയാണ്. ടെണ്ടർ കുറവ് ക്രമീകരിച്ച് ആകെ ചെലവഴിക്കാവുന്ന തുക 1,51,190/- രൂപയാണ്. എന്നാൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ 1,90,656/- രൂപ ചെലവഴിച്ചതുമൂലം കരാറുകാരന് 39,466/- രൂപ അധികം നൽകിയിട്ടുണ്ട്.

4. പ്രോജക്ട് : പുളിമൂട്- കോയിപ്പുറം റോഡ് കോൺക്രീറ്റിംഗ്
(നം.38/19)
അടങ്കൽ: 2,00,000(വികസനഫണ്ട്-പൊതുവിഭാഗം)
25,000(തനതുഫണ്ട്)
ചെലവ്: 2,00,000
ബിൽ നം.: 44/22.12.2018=2,00,000
കരാറുകാരൻ: ശ്രീ. അജീഷ്. എ.നായർ
ടെണ്ടർ കുറവ്: 19%
കരാർ നം. : 15/17-18/2.9.2018
എം ബുക്ക് നം.: 25/18-19

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തി കരാറുകാരനായ ശ്രീ. അജീഷ്.എ.നായർ 19% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് കരാർ വച്ചിട്ടുള്ളതാണ്. അളവുപുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 2,24,366/- രൂപയാണ്. ടെണ്ടർ കുറവ് ക്രമീകരിച്ച് ആകെ ചെലവഴിക്കാവുന്ന തുക 1,81,736/- രൂപയാണ്. എന്നാൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ 2,00,000/- രൂപ ചെലവഴിച്ചതുമൂലം കരാറുകാരന് 18,264/- രൂപ അധികം നൽകിയിട്ടുണ്ട്.
ടെണ്ടർ കുറവ് ക്രമീകരിക്കാതെ തുക നൽകിയതിന് വിശദീകരണം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്, അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ ആകെ തുകയായ 96,864/- രൂപ(15090+24044+39466+18264) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാത്തപക്ഷം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി

കണക്കാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.2/21.10.2019, 6/24.10.2019, 9/25.10.2019.(ഖ.3-2)

## 1-23 മരാമത്ത് പ്രവൃത്തികൾ- രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്ട് നം./ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നം. |
|---|---|---|---|---|
| 1. | 187/19(സ്പിൽ ഓവർ)-ഗവ. ടൗൺ യു.പി.എസ്. മിനി ഓഡിറ്റോറിയം മെയിന്റനൻസ്. | 2,20,000, മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 1,96,316 | 4/25.5.2018 |
| 2. | 190/19(സ്പിൽ ഓവർ)-മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ സെപ്റ്റിക് ടാങ്ക് നിർമ്മാണം | 3,01,791/--ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2,209/- തനതുഫണ്ട് | 2,98,361 | 2/25.5.2018 |
| | ആകെ | | 4,94,677/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 4,94,677/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.20/ 30.10.2019

## 1-24 ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം-149/19-പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ(ഹെൽത്ത് ഇൻസ്പെക്ടർ)

കുടിവെള്ള വാട്ടർടാങ്ക് വാങ്ങുന്നതിനായി 08-01-2019ൽ (15-12-2018ലെ H1/16168/18 നമ്പർ പരസ്യം) നടത്തിയ ടെണ്ടറിൽ സിംഗിൾ ടെണ്ടർ മാത്രം ലഭിച്ചതിനാൽ റീടെണ്ടർ നടത്തി വിതരണക്കാരനെ കണ്ടെത്തിയിരിക്കുന്നത് സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾക്ക് വിരുദ്ധമായാണ്. 07-01-2019 ൽ നടത്തിയ ടെണ്ടറിൽ സുപർണ്ണ ട്രേഡേഴ്സ്, കൃഷ്ണപുരം,കായംകുളം എന്ന സ്ഥാപനം മാത്രമാണ് പങ്കെടുത്തത്. തുടർന്ന് 07-02-2019 ൽ റീടെണ്ടർ നടത്തി. ആയതിൽ ഷീജോർജ്ജ്, വെങ്കലക്കടയിൽ, കൊട്ടാരക്കര എന്ന സ്ഥാപനം മാത്രമാണ് പങ്കെടുത്തത്.എന്നാൽ ആദ്യടെണ്ടറിൽ പങ്കെടുത്ത സുപർണ്ണ ട്രേഡേഴ്സ് എന്ന സ്ഥാപനം റീ ടെൻഡറിൽ പങ്കെടുത്തിട്ടില്ല. (ടെണ്ടർ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല) ടി സ്ഥാപനം ആദ്യം സമർപ്പിച്ച ടെണ്ടർ റീടെണ്ടറിൽ പങ്കെടുത്ത ഷീജോർജ്ജ്, വെങ്കലക്കടയിൽ എന്നയാളുടെ ടെണ്ടറിനൊപ്പം പരിഗണിച്ച് അംഗീകാരം നൽകുകയാണ് ചെയ്തിരിക്കുന്നത്. റീ ടെണ്ടറിൽ പങ്കെടുക്കാത്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിനുള്ള കാരണം വ്യക്തമാക്കാൻ രേഖാമൂലം ആവശ്യപ്പെട്ടതിന് നിർവ്വഹണത്തിലുള്ള പരിചയകുറവുമൂലമാണ് അപാകത സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി. റീടെണ്ടറിൽ പങ്കെടുത്ത സ്ഥാപനം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വാട്ടർ ടാങ്കിന് ഐ.എസ്.ഐ സാക്ഷ്യപത്രം ഇല്ല എന്ന കാരണത്താൽ നിരസിച്ച് സുപർണ്ണ ട്രേഡേഴ്സിന്റെ കുറഞ്ഞ നിരക്ക് പരിഗണിച്ചിരിക്കുന്നു. സിംഗിൾ ടെണ്ടർ വരുന്ന സാഹചര്യത്തിൽ ആദ്യ ടെണ്ടറിൽ ആയത് പരിഗണിക്കപ്പെട്ടില്ല. തുടർന്ന് പുനർ ടെണ്ടർ നടത്തുമ്പോൾ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ ടെണ്ടർ സ്പെസിഫിക്കേഷനുകൾ പാലിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെയാണ് പരിഗണിക്കേണ്ടത്. റീ ടെണ്ടറിൽ പങ്കെടുക്കാത്ത സ്ഥാപനത്തെ പരിഗണിച്ചത് സ്റ്റോർ പർച്ചേസ് നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിലുള്ള വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കാലായിക്കുന്ന് നടവഴി കോൺക്രീറ്റിംഗ്- പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം- പിഴ ഈടാക്കിയില്ല.

പ്രോജക്ട് : കാലായിക്കുന്ന് നടവഴി കോൺക്രീറ്റിംഗ്

(നം.194/19-സ്പിൽ ഓവർ)

അടങ്കൽ: 2,37,900(എസ്.സി.പി.)

ചെലവ്: 1,90,656

ബിൽ നം.: 14/25.5.2018

കരാറുകാരൻ: ശ്രീ ചന്ദ്രബാബു

ടെണ്ടർ കുറവ്: 20.7%

കരാർ നം. : 42/16-17/6.2.2017

എം ബുക്ക് നം.: 73/17-18

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കാലായിക്കുന്ന് നടവഴി കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയ്ക്കായി 1,90,656/- രൂപ ചെലവഴിച്ചിട്ടുണ്ട്. 6.2.2017-ന് കരാർവെച്ച് സൈറ്റ് കൈമാറിയ ടി പ്രവൃത്തി 5.5.2017-ന് പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 12.3.2018-ലാണ്. കേരളാ പൊതുമരാമത്തു വകുപ്പ് മാന്വൽ/(2012-ൽ പുതുക്കിയത്) ഖണ്ഡിക 2112-1 പ്രകാരം കരാറുകാരനായ ശ്രീ.ചന്ദ്രബാബു കാലാവധി തീരുന്നതിന് മുമ്പ് ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടിനൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടി മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയായ 2,37,900/- രൂപയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വഡേറ്റഡ് ഡാമേജായി ആകെ 10,468/- രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. ടിയാനിൽ നിന്നും ഈടാക്കേണ്ട ലിക്വഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു;

പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ആകെ ആഴ്ചകൾ 6.5.2017മുതൽ 12.3.2018 വരെ = 44

ഈടാക്കേണ്ട ലിക്വഡേറ്റഡ് ഡാമേജ് = 2,37,900*0.1%*44= 10,468/- രൂപ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, സമീപത്തെ വസ്തു ഉടമകളുമായുണ്ടായ തർക്കംമൂലം പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ ഇതു സംബന്ധിച്ച് കരാറുകാരൻ കരാർ കാലാവധിക്കുള്ളിൽ ദീർഘീകരണത്തിന് അപേക്ഷിക്കുകയോ ടിയാന് കാലാവധി നീട്ടിനൽകുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. ലിക്വഡേറ്റഡ് ഡാമേജിനത്തിൽ ഈടാക്കേണ്ട 10,468/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.9/25.10.2019.

## 1-26 മാടൻകാവ് കുടിവെള്ള പദ്ധതി രണ്ടാംഘട്ടം- പ്രവൃത്തി ആരംഭിക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് : മാടൻകാവ് കുടിവെള്ള പദ്ധതി രണ്ടാംഘട്ടം

(നം.10/19)

അടങ്കൽ: 16,15,700(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്: 16,15,700/-

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മാടൻകാവ് കുടിവെള്ള പദ്ധതിയിൽ ഒന്നാംഘട്ടമായി 2017-18-ലെ പ്രോജക്ക് നം.76/18-ൽ ഉൾപ്പെടുത്തി മൂന്ന് മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും നിർമ്മിക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം 9,36,000/- രൂപ 15.2.2018- ൽ കേരളാ വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് നൽകിയിരുന്നു. തുടർന്ന് ടി പ്രവൃത്തിയ്ക്കാവശ്യമായ അധികതുകയ്ക്കുള്ള കേരളാ വാട്ടർ അതോറിറ്റിയുടെ 17.12.2018-ലെ എസ്റ്റിമേറ്റ് പ്രകാരം 1,10,000/- രൂപ ബിൽ നം.43/22.12.2018 മുഖേന നൽകി. ഇതിന്റെ രണ്ടാംഘട്ടമായി പമ്പിംഗ് മെയിൻ, വിതരണക്കുഴൽ എന്നിവ സ്ഥാപിക്കുന്നതിന് കേരളാ വാട്ടർ അതോറിറ്റിയുടെ 26.2.2019-ലെ എസ്റ്റിമേറ്റ് പ്രകാരം 15,05,700/- രൂപ ബിൽ നം.72/18.3.2019 മുഖേന നൽകി.

മേൽ സൂചിപ്പിച്ച പ്രകാരം ആകെ 25,51,700/- രൂപ കേരളാ വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ എക്സി.എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ലെന്നാണ് ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ കാണുന്നത്. 29.1.2018-ലെ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. നം. പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ടല്ലാതെ നിർവ്വഹണം നടത്തുന്ന സാഹചര്യത്തിൽ മുൻകൂർ തുക നൽകുന്നതിന് മുൻപ് നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടേണ്ടതാണ്. എന്നാൽ ഇതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, വാട്ടർ അതോറിറ്റി ടി പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ആരും കരാറെടുത്തില്ലെന്നാണ് മറുപടി ലഭ്യമാക്കിയത്. ടി പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.7/24.10.2019.

## 1-27 കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്- കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല.756/-രൂപയുടെ നഷ്ടം.

പ്രോജക്ട് നം. : 96/19

പേര് : കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്

അടങ്കൽ: 1,50,000/-

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് -റോഡ്

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

കരാർ നം.: 46/എ.ഇ./18-19/5.10.2018

കരാറുകാരൻ : ശ്രീ ശ്രീകുമാർ(എസ്റ്റിമേറ്റ് നിരക്ക്)

ചെലവ് : 1,49,686/-രൂപ

ബിൽ നം. 49/7.1.2019

എം.ബുക്ക് നം. : 29/18-19

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ ഇനം 4 പ്രകാരം 111 m3 അളവിൽ കരാറുകാരന്റെ സ്വന്തം

മണ്ണ് നിറച്ചതിന് 460.77/- രൂപ നിരക്കിൽ 51,145/- രൂപ നൽകിയിട്ടുണ്ട്. അതേ സമയം ടി പ്രവൃത്തിയുടെ ഇനം 1 പ്രകാരം 4.723 m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇത് കുറവ് ചെയ്യാതെയാണ് കരാറുകാരന്റെ സ്വന്തം മണ്ണ് നിറച്ചതിന് ഇനം 4 പ്രകാരം തുക നൽകിയിരിക്കുന്നത്. കുഴിച്ചെടുത്ത മണ്ണ് മറ്റേതെങ്കിലും രീതിയിൽ ഉപയോഗിച്ചിട്ടുള്ളതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം മണ്ണിന്റെ വിലയായി 756/- രൂപ (4.723*160) അധികം ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാൻ കഴിയാത്ത ചെളിമണ്ണാണെന്നും സർട്ടിഫിക്കറ്റ് എഴുതാൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ തരം/ഉപയോഗം സംബന്ധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം ചെലവഴിച്ച 756/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.1/18.9.2019. (ഖ.3-4)

## 1-28 ഉദ്ഘാടനത്തിന് അധികം തുക ചെലവഴിച്ചു.

ഉഗ്രൻകുന്ന് പ്രദേശത്ത് സ്ഥാപിച്ച പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ ഉദ്ഘാടനത്തിന് ആകെ 20406 /-രൂപ ചെലവഴിച്ചു.ചെലവിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ചെലവു തുക | ചെക്ക് നം./ തീയതി | തുക കൈപ്പറ്റിയത് |
|---|---|---|
| 10000 | 032863/17.7.18 | ശ്രീ.സജി ജെ.എച്ച്.ഐ |
| 8006 | 051484/25.9.18 | ശ്രീ.സജി ജെ.എച്ച്.ഐ |
| 2400 | 024301/20.8.19 | ശ്രീ.സജി ജെ.എച്ച്.ഐ |

ജി.ഒ(ആർ.ടി)3866/2015/തസ്വഭവ/28.12.15 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടനചടങ്ങിന് 25,000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടനചടങ്ങിന് പരമാവധി 10,000/- രൂപയും മാത്രമാണ് തനതുഫണ്ടിൽനിന്നും ചെലവഴിക്കാവുന്നത്. ടി ഉദ്ഘാടനത്തിന്റെ നോട്ടീസ് പ്രകാരം മന്ത്രിമാരാരും പങ്കെടുത്തതായി കാണുന്നില്ല. ആയതിനാൽ 10,000/- രൂപ മാത്രമാണ് ടിയിനത്തിൽ ചെലവഴിക്കാവുന്നത്. 10,406/- രൂപ അധികം ചെലവഴിക്കാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് വിപുലമായ പരിപാടിയായിട്ടാണ് നടത്തിയതെന്നും അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ തുക ക്രമീകരിച്ചതിന്റെ രേഖകളൊന്നും ഹാജരാക്കിയില്ല.

ആയതിനാൽ അധികം ചെലവഴിച്ച 10,406/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ നിരാകരിച്ച തുക കിഴിച്ചുള്ള 10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നഷ്ടതുക ഈടാക്കേണ്ടതും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 5 /24.10.19

## 1-29 വക്കീൽ ഫീസ് അധികം നൽകി-തുക നിരാകരിക്കുന്നു.

ഫയൽ നം.ജി5-8854/17

<u>കേസ് നം.R.S.A No.1176/2014:</u> കൊട്ടാരക്കര നഗരസഭയിലെ 9-ാം വാർഡിലെ കിഴക്കേക്കര വസ്തുവുമായി ബന്ധപ്പെട്ട് മഹിളാസമാജം ഫയൽ ചെയ്ത കേസ് വാദിക്കുന്നതിനായി അഡ്വ.റ്റി.എം.അബ്ദുൾ ലത്തീഫിന് 50,000/- രൂപ ചെക്ക് നം 053027 /2.2.19 പ്രകാരം നൽകിയിട്ടുണ്ട്.

ജി.ഒ.എം.എസ്.36/2016 തസ്വഭവ 18.2.16 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേസ് ഒന്നിന് 15000/- രൂപവരെ വക്കീൽ ഫീസ് അനുവദിക്കാവുന്നതാണെന്നും അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതി ആവശ്യമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അനുമതിയില്ലാതെ ടി കേസിന് 35,000/-രൂപ അധികം ചെലവഴിച്ചു. തുക അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ചതിനാലാണ് (വകുപ്പദ്ധ്യക്ഷൻ എന്നത് നഗരസഭാ ചെയർപേഴ്സൺ എന്ന് തെറ്റായി വ്യാഖ്യാനിച്ചു) തുക അധികം നൽകിയതെന്ന് മറുപടി ലഭ്യമാക്കി.ടിയിനത്തിൽ അധികം ചെലവഴിച്ച 35000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 5 /24.10.19

## 1-30 പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ-സംയുക്ത പരിശോധന നടത്തിയിട്ടില്ല.

നഗരസഭയുടെ വെള്ളക്കരമിനത്തിൽ 164 ടാപ്പുകൾക്ക് 1,07,748/- രൂപ എല്ലാമാസവും അടവാക്കുന്നുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കുന്നതെന്ന് വ്യക്തമല്ല. ജി.ഒ(ആർ.ടി)നം.1801/2006 തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സംയുക്തപരിശോധന നടത്തിയിട്ടില്ല. സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും അല്ലാത്തവ ഒഴിവാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സംയുക്തപരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം. 22 /30.10.19

## 1-31 ഫണ്ട് വകമാറ്റി -വികസനഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുത്തി

പ്രോജക്ട് നം-150/19-ഗാർഹികബയോഗ്യാസ് പ്ലാന്റ്(ജനറൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതി വികസനഓഫീസർ(ഹെൽത്ത് ഇൻസ്പെക്ടർ)

4,25,000/- രൂപ അടങ്കൽ വകയിരുത്തിയ പദ്ധതിക്ക് 85,000/-രൂപ വികസനഫണ്ടും, 2,47,750/-കേന്ദ്ര-സംസ്ഥാനവിഹിതവും, 92,250/-രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയിരുന്നു. തൻ വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം പദ്ധതിയുടെ തൻവർഷത്തെ ചെലവ് 0 ആണ്. എന്നാൽ ഫയൽ പിശോധിച്ചതിൽ ടി പദ്ധതിക്കായി തൻവർഷം 85,000/-രൂപ ചെലവഴിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു.

8,500/- രൂപ നിരക്കിൽ 50 എണ്ണം സ്ഥാപിക്കുന്നതിന് ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി ലഭിച്ചു. ആകെ അടങ്കൽ തുകയുടെ 20% തുകയായ 85,000/-രൂപ ഒടുക്കുവാൻ നിർവ്വഹണ ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ അറിയിച്ചതിനെ തുടർന്ന് ടി തുക 08-03-19ൽ RTGS ആയി നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയിരിക്കുന്നത് പദ്ധതിക്കായി വകയിരുത്തിയ ഫണ്ടുകളിൽ നിന്നല്ല. ചെലവഴിക്കപ്പെട്ടിട്ടില്ലെങ്കിൽ സാമ്പത്തിക വർഷാവസാനം നഷ്ടമാകുന്ന പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് നടത്താതെ ഏത് ഫണ്ടിൽ നിന്നുമാണ് ചെലവ് നടത്തിയതെന്നും ആയതിനുള്ള കാരണവും വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നതിന് നഗരസഭാ സെക്രട്ടറി കേന്ദ്രാവിഷ്കൃത പദ്ധതിയായ സോളിഡ് വേസ്റ്റ് മാനജ്മെന്റ് പദ്ധതിയിൽനിന്നും തുക അനുവദിച്ച് നൽകിയതിനാലാണ് പ്ലാൻഫണ്ടിൽ നിന്നും തുക വകയിരുത്താൻ സാധിക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. ഫണ്ട് വക മാറ്റി പ്രോജക്ട് പുതുക്കി ടി പദ്ധതിയിൽ വകയിരുത്തിയിരുന്ന വികസനഫണ്ട് മറ്റ് ഏതെങ്കിലും പദ്ധതിക്കു വേണ്ടി ചെലവഴിക്കാതെ സാമ്പത്തിക വർഷാവസാനം വികസനഫണ്ട് വിഹിതം നഷ്ടപ്പെടുത്തിയത് നഗരസഭാ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

എൻക്വയറി നമ്പർ. 19/30.10.19

## 1-32 വാടകയ്ക്കെടുത്ത ടിപ്പറിനായി ടെസ്റ്റ് നടത്തുന്നതിന് തുക ചെലവഴിച്ചു.

നഗരസഭ കെ.എൽ 24 സി 7998 നം.ടിപ്പർ ലോറിയുടെ ടെസ്റ്റ് നടത്തുന്ന ആവശ്യത്തിലേക്ക് സെക്ഷൻ ക്ലാർക്ക് ശ്രീ.ജയരാജ് പേർക്ക് മുൻകൂറായി 20,000/- രൂപ ചെക്ക് നം.035711/17.4.18 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ മേൽ നമ്പരുള്ള ടിപ്പർ വാടകയ്ക്കെടുത്ത ടിപ്പറാണ്. മാലിന്യം നീക്കം ചെയ്യുന്നതിനായി ടി ടിപ്പർ വാടകയ്ക്ക് എടുത്ത വകയിൽ 5,000/- രൂപ ചെക്ക് നം.032470/17.4.18 പ്രകാരം നൽകിയിട്ടുണ്ട്. നഗരസഭയുടെ ടിപ്പർ ലോറിയുടെ നമ്പർ.കെ.എൽ-25-1659 ആണ്. ആയതിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ടെസ്റ്റ് നടത്തിയതായ രേഖപ്പെടുത്തലുകൾ ഒന്നുംതന്നെയില്ല.

മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 20,000/- രൂപ നിരാകരിക്കുന്നു.

എൻക്വയറി നം. 5 /24.10.19

## 1-33 ഗാർഹിക ബയോഗ്യാസ് പ്ലാന്റ്,അർഹമായ വിഹിതം ശുചിത്വ മിഷനിൽനിന്നും ആവശ്യപ്പെടാതെ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചു, 27,600/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് -ഗാർഹിക ബയോഗ്യാസ് പ്ലാന്റ് ((204/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 50% ശുചിത്വമിഷൻ ഫണ്ട്, 25% തദ്ദേശസ്ഥാപനവിഹിതം, 25% ഗുണഭോക്തൃവിഹിതം എന്ന ക്രമത്തിലാണ് തുക ചെലവഴിക്കേണ്ടത്. 94 ഗുണഭോക്താക്കൾ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുകയും ഇതിനായി ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന് യൂണിറ്റ് കോസ്റ്റ് 6,900/-രൂപ ക്രമത്തിൽ94x6900 =6,48,600/- രൂപാ നല്കുകയും ചെയ്തിട്ടുണ്ട്. (ശുചിത്വമിഷൻ ഫണ്ട്-2,96,700, തനതുഫണ്ട്-189750) ഗുണ:വിഹിതം 1,62,150/-.

കൊട്ടാരക്കര നഗരസഭാ സെക്രട്ടറിയുടെ 27-03-2017 ലെ ജി4/707/17 നമ്പർ കത്തു പ്രകാരം 86 യൂണിറ്റിന്റെ 50 % തുകയായ 2,96,700/- രൂപാ മാത്രമാണ് ശുചിത്വ മിഷനിൽനിന്നും ആവശ്യപ്പെട്ടിട്ടുള്ളത്. ഇതുപ്രകാരം ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്ററുടെ 30-07-2017 ലെ DSM/KLM/781/2012 ഉത്തരവ് നടപടികൾ പ്രകാരം നഗരസഭയ്ക്ക് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അവശേഷിച്ച 8 ഗാർഗിക ബയോഗ്യാസ് പ്ലാന്റ് യൂണിറ്റിന്റെ 50% തുകയായ 8x3450=27,600/- രൂപ ശുചിത്വ മിഷനോട് ആവശ്യപ്പെടാതെ തനതുഫണ്ടിൽ നിന്നും ചെലവഴിക്കുകയാണ് ചെയ്തിട്ടുള്ളത് (ചെക്ക് നം 051089/21-08-18, തുക 1,98,900/-). ഈ നടപടി അംഗീകരിക്കുന്നില്ല. തനതുഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 27,600 /-രൂപാ തടസ്സപ്പെടുത്തുന്നു.

ശുചിത്വ മിഷനിൽ നിന്നും 8 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് യൂണിറ്റിന്റെ 50% തുകയായ 27,600/- രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 3,തീ 22-10-2019) ശുചിത്വമിഷനിൽനിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ശുചിത്വമിഷനിൽനിന്നും തുക ഈടാക്കി തനതുഫണ്ടിൽ ഒടുക്കുവരുത്തി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 'കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ (49/19) താലൂക്ക് ആസ്ഥാന ആശുപത്രി യുടെ വെള്ളക്കരം യഥാസമയം ഒടുക്കുവരുത്തത്തതിനാൽ വൻതുക പിഴപ്പലിശ ഇനത്തിൽ ഒടുക്കുവരുത്തേണ്ടിവരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

തനതുഫണ്ട്-20,00,000/-

സംരക്ഷണ ഗ്രാന്റ് (റോഡിതരം )-16,00,000/-

ആകെ അടങ്കൽതുക-36,00,000/- രൂപ.

താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ടിന്റെ 21-08-2018 ലെ എ1 -295/17 നമ്പർ കത്തുപ്രകാരം താലൂക്ക് ആസ്ഥാന ആശുപത്രി ബ്ലോക്ക് പഞ്ചായത്തിൽനിന്നും നഗരസഭയ്ക്ക് കൈമാറിയ 01-11-2016 മുതൽ 2018 ഒക്ടോബർവരെ 16,12,532 രൂപ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക ഉണ്ടെന്നും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപ്പെടുത്തിയാൽ 14,00,000 /-രൂപ അടച്ചാൽ മതിയെന്നും അറിയിച്ചു. എന്നാൽ നഗരസഭയിൽ നിന്നും തുക അനുവദിച്ചില്ല.

തുടർന്ന് താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ടിന്റെ 25-01-2019 ലെ എ1 -306/19 നമ്പർ കത്തിൽ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വെള്ളക്കര കുടിശ്ശിക ഇതുവരെ 16,35,728 രൂപാ ഉണ്ടെന്നും, ഡിസ്കണക്ഷനും മറ്റ് നടപടികളും ഒഴിവാക്കുന്നതിനായി 5,00,000/- രൂപ അനുവദിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു. ഇതിൻ പ്രകാരം 5,00,000 രൂപാ അനുവദിച്ച് തുക ഒടുക്ക് വരുത്തി ഡിസ്കണക്ഷൻ നടപടികൾ ഒഴിവാക്കി. താലൂക്കാശുപത്രിയുടെ വെള്ളക്കരം ഇനത്തിൽ 2018-2019 വർഷം ആകെ നൽകിയ തുക 5,00,000/- രൂപയാണ്.

താലൂക്ക് ആസ്ഥാനആശുപത്രിയുടെ വെള്ളക്കരം യഥാസമയം ഒടുക്കുവരുത്താതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 3, തീ. 22-10-2019 ) വെള്ളക്കര കുടിശ്ശിക സമയബന്ധിതമായി ഒടുക്കുവരുത്തിക്കൊള്ളാമെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

യഥാസമയം വെള്ളക്കരം ഒടുക്കുവരുത്താത്തതിനാൽ 24% നിരക്കിൽ കേരളാ വാട്ടർ അതോറിറ്റി പിഴ ഈടാക്കുകയും പിഴപ്പലിശ ഇനത്തിൽ വൻ തുക ഒടുക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. കേരളാ വാട്ടർ അതോറിറ്റിയുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപ്പെടുത്തി വെള്ളക്കര കുടിശ്ശിക അടച്ചു തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ഫണ്ടിൽ നിന്നും തുക യഥാസമയം ഒടുക്കുവരുത്തി റീ ഇംബേഴ്സ് ചെയ്തു നല്കുന്നതിനുള്ള സംവിധാനവും താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വെള്ളക്കരം അടയ്ക്കുന്നതിന് പ്രയോജനപ്പെടുത്തി ഭാവിയിൽ ഇത്തരത്തിൽ വെള്ളക്കരമിനത്തിൽ കുടിശ്ശിക ഉണ്ടാകാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 പി എം എ വൈ /ലൈഫ് ഭവന നിർമ്മാണ പദ്ധതി അവലോകനം

പി എം എ വൈ /ലൈഫ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള ഡി പി ആർ (Detailed project report )1, 2, 3 എന്നിവയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണമാണ് നടന്നുവരുന്നത്.

ഡി പി ആർ 1, ൽ 140ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നു. ഇത് പുനർ നിർണ്ണയിച്ച് ഗുണഭോക്താക്കളുടെ എണ്ണം 112 ആയി കുറച്ചു. ഇതിൽ 108 പേർ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചു. ഇതുവരെ 73 ഗുണഭോക്താക്കൾ മാത്രമേ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ.

ഡി പി ആർ 2 ൽ 151ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നു. ഇത് പുനർ നിർണ്ണയിച്ച് ഗുണഭോക്താക്കളുടെ എണ്ണം 107 ആയി കുറച്ചു. ഇതിൽ 101 പേർ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചു. ഇതുവരെ 73 ഗുണഭോക്താക്കൾ മാത്രമേ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളൂ.

ഡി പി ആർ 3 ൽ 32ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നു. ഇത് പുനർ നിർണ്ണയിച്ച് ഗുണഭോക്താക്കളുടെ എണ്ണം 23 ആയി കുറച്ചു. ഇവരെല്ലാം തന്നെ കരാറിൽ ഏർപ്പെട്ട് ഭവനനിർമ്മാണം ആരംഭിച്ചു. ഇതുവരെ 18 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു.

കരാറിൽ ഏർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾ സമയബന്ധിതമായി പണി പൂർത്തീകരിച്ചു വരുന്നില്ല. ഗഡുക്കൾ കൈപ്പറ്റിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളെക്കൊണ്ടും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഓരോ ഗുണഭോക്താവിനും നല്കിയിട്ടുള്ള തുകകൾ സംബന്ധിച്ച വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-36 പുതിയ തുറന്ന കിണർ നിർമ്മാണം (94/19), അപാകതകൾ

പ്രോജക്ട്-പുതിയ തുറന്ന കിണർ നിർമ്മാണം (94/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ

അടങ്കൽ തുക-3,00,000/-രൂപ (എസ്.സി.പി.)

ചെലവ്-2,55,000/-രൂപ

<u>ബിൽ നമ്പർ</u>

17/10.11.19 – 30,000/-

22/05.02.19 – 90,000/-

23/15.02.19 – 30,000/-

32/28.02.19 -30,000/-

31/28.02.19 -75,000/-

**ആകെ -2,55,000/-**

സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം22/2018/തസ്വഭവ, തീയതി. 14-02-2018,6.6 കുടിവെള്ളം പ്രകാരം പുതിയ തുറന്ന കിണർ നിർമ്മിക്കുമ്പോൾ മഴവെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്. എന്നാൽ ടി പ്രോജക്ടിന്റെ ഫയലുകൾ പരിശോധിച്ചതിൽ ആരും തന്നെ ഇപ്രകാരം മഴവെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയതായി കാണുന്നില്ല.

താഴെകൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് കിണർ നിർമ്മിക്കുന്നതിന് യഥാർത്ഥത്തിൽ ചെലവായ തുക എത്രയാണെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാതെയാണ് അന്തിമഗഡു നല്കിയിരിക്കുന്നത്.

ശ്രീമതി ബിന്ദു, കരിക്കത്തിൽ വീട്

ശ്രീ. മോഹനൻ, കെ, തടവിള വീട്

ശ്രീ. വിജയൻ , പി, കുരിയോട്ട് വീട്

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം16, തീ, 29-10-2019)ടി പ്രോജക്ടിന് 30,000/ രൂപ വരെയാണ് പരമാവധി സാമ്പത്തികസഹായം നല്കുന്നതിന് കൗൺസിൽ ലഭ്യമാക്കിയിട്ടുള്ളതെന്നും, കിണർ നിർമ്മിക്കുന്നതിനുള്ള ചെലവ് ഇതിലും കൂടുതലായതിനാലാണ് കിണറിനോടൊപ്പം കിണർ റീ ചാർജ്ജിംഗ് സംവിധാനം നിർമ്മിക്കാൻ സാധ്യമാകാതെ വന്നതെന്നും മറുപടി നല്കി. കൂടാതെ കിണർനിർമ്മാണം പൂർത്തീകരിച്ചതായി പരിശോധിച്ച ഓവർസിയർ റിപ്പോർട്ട് നല്കിയതിനാലാണ് ടി ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നല്കിയിട്ടുള്ളതെന്നും മറുപടി നല്കി.

തുടർച്ചയായ കുടിവെള്ള ലഭ്യതയ്ക്ക് കിണർ നിർമ്മിക്കുമ്പോൾ മഴവെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടത് അനിവാര്യമാണ്. ആയതിനാൽ ഗുണഭോക്താക്കളെക്കൊണ്ട് മഴവെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കൂടി ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, കിണർനിർമ്മാണം പൂർത്തീകരിച്ചതായി പരിശോധിച്ച ഓവർസിയർമാരെക്കൊണ്ട് മൂല്യനിർണ്ണയം നടത്തിച്ച് തുക അധികം നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

## 1-37 മുൻകൂർ ക്രമീകരിച്ചിട്ടില്ല.

നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന മുൻകൂറുകൾ ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫയൽ നം. | ഇനം | തുക | ചെക്ക് നം./ | തുക |
|---|---|---|---|---|
| | | | | |

| | | | തീയതി | നൽകിയത് |
|---|---|---|---|---|
| ജി5-14385/18 | പാണ്ടിവയൽതോട് പുനർനിർമ്മാണം | 20,000 | 052207/4.12.18 | ശ്രീ.സതീഷ് കുമാർ |
| എച്ച്1-2129/18 | പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് മെഷീൻ- ബെൽറ്റുകൾ കേടായത് ശരിയാക്കുന്നതിന് | 5,000 | 030791/8.3.19 | ശ്രീ.പ്രമോദ് |

തുക ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് രേഖകൾ ഹാജരാക്കുന്നതായി മറുപടി ലഭ്യമാക്കി. എന്നാൽ രേഖകൾ ഹാജരാക്കിയില്ല. മുൻകൂർ ക്രമീകരിക്കാത്ത സാഹചര്യത്തിൽ നൽകിയ 25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയത് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം. 12/24.10.19

## 1-38 മുറിച്ചിട്ട തടി ലേലം ചെയ്തിട്ടില്ല.

മുനിസിപ്പൽ പ്രദേശത്ത് അപകടാവസ്ഥയിൽ നിന്ന മരങ്ങൾ മുറിച്ചുമാറ്റിയതിന് ചുവടെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഫയൽ നം. | നൽകിയ തുക | ചെക്ക്നമ്പർ/ തീയതി | തുക നൽകിയത് |
|---|---|---|---|
| H1-210/19 | 4,000 | 053045/19.2.19 | ശ്രീ.പ്രമോദ് |
| H1-14137/19 | 2,500 | 053045/19.2.19 | ശ്രീ.പ്രമോദ് |
| H1-6879/18 | 2,000 | 034055/23.5.18 | ശ്രീ.പ്രമോദ് |

തുക മുൻകൂർ നൽകിയത് ക്രമീകരിച്ചതിന്റെയും മുറിച്ചിട്ട തടി ലേലം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കുന്നതിന് എൻക്വയറി നൽകിയതിന് ലേലം ചെയ്യുന്നതിനായി 9.7.2019 H1-14137 -ാം നം കത്തുപ്രകാരം ഫോറസ്റ്റ് കൺസർവേറ്റർക്ക് കത്തുനൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കി. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-39. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയില്ല.

ഫയൽ നം.ജി5-7860/18

നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 8,935/- രൂപ ചെക്ക് നം.052180/26.12.18 പ്രകാരം അസി.എൻജിനീയർ, മൈനർസബ്ഡിവിഷൻ, കൊട്ടാരക്കരയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഇത സംബന്ധിച്ച് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച

8,935/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം.22/30.10.19

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വാടക ഈടാക്കിയിട്ടില്ല.

നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സ്, ഓപ്പൺ സ്റ്റാൾ എന്നിവ ലേലംകൊണ്ടവർ തുക പൂർണ്ണമായും ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| കടമുറി | വാടകക്കാരന്റെ പേര് | ഈടാക്കേണ്ട വാടക+ജി.എസ്.ടി | കുടിശ്ശിക |
|---|---|---|---|
| | ഓപ്പൺ സ്റ്റാൾ | | |
| 10ബി | ജോൺസൺ<br>പാറ്റൂർ വീട്<br>പൂവറ്റൂർ | 5,994+1,079 | 7,073 |
| 23 | ഷെരീഫ്<br>ഷഹനാ<br>മൻസിൽ | 47,085+8,475 | 55,560 |
| 37 ബി | അഷ്റഫ്.കെ<br>നസീബ്<br>മൻസിൽ | 5,988+1,078 | 7,066 |
| 46 | തങ്കപ്പ റാവുത്തർ<br>കുഴിവിളവീട് | 17,107+3,079 | 20,186 |
| 48 എ | സിറാജുദ്ദീൻ<br>മുംതാസ്<br>മൻസിൽ | 11,487+2,068 | 13,555 |
| 49 എ | ശശിധരൻ<br>ശ്രീകൃഷ്ണവിലാസം | 6,059+1,091 | 7,150 |
| 51 ബി | ഷെഫീൻ<br>ഷഹനാ<br>മൻസിൽ | 5,988+1,078 | 7,066 |
| 55 എ | അബ്ദുൾ റഹീം | 8,391+1,510 | 9,901 |

| | | | |
|---|---|---|---|
| | റഹന മൻസിൽ | | |
| 55 ബി | അബ്ദുൾ റഹീം<br>റഹന മൻസിൽ | 7,174+1,291 | 8465 |
| | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | | |
| റൂം നം.13 | എ.ഹരികുമാർ<br>രാമമന്ദിരം | 4,154+748X9 | 10,886 |
| റൂം നം.16 | അൽ-അമീൻ | 2,513+452X9 | 6,581 |
| | ഫിഷ് സ്റ്റാൾ | | |
| നം.9 | നവാസ്.പി<br>തസ്ലീമാ<br>മൻസിൽ | 16,632+2994 | 19,626 |
| നം.10 | മുഹമ്മദ് ഖനി<br>കോയിപ്പുറത്ത്<br>വീട് | 24,948+4,491 | 29,439 |
| നം.12 | സ്റ്റെല്ല<br>കുതിരമുനമ്പേൽ | 12,475+2,245 | 14,720 |
| നം.13 | റീത്ത ആന്റണി<br>റീനാ ഭവനം | 41,580+7,485<br>(ട്രിതുകയിൽ<br>15,000+2,700(ജി.എസ്.ടി)ഈടാക്കി) | 31,365 |
| നം.26 | സക്കീർ<br>ചരുവിള വീട് | 5,405+9,73 | 6,378 |
| | | | 2,55,017 |

മേൽ വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കി. വാടകക്കുടിശ്ശിക(ജി.എസ്.ടി ഉൾപ്പെടെ) 2,55,017/-രൂപ പിഴപ്പലിശസഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

എൻക്വയറി നം. 4/23.10.19

## 2-2 വസ്തുനികുതി നിർണ്ണയിച്ചശേഷം ഉപയോഗക്രമത്തിലും ഘടനയിലും മാറ്റം വരുത്തി-145219/- രൂപയുടെ നഷ്ടം

**ഫയൽ നം.R1/E1/16662/17/22.3.18**

IV-ാം വാർഡിൽ ഡോ.യുഹന്നാൻ മാർ ദേവോദോറോസ് മെത്രോപ്പൊലീത്തയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 96 എ, 96ബി, 96സി എന്നിങ്ങനെ നമ്പർ അനുവദിച്ചിട്ടുണ്ട്.ടി കെട്ടിടത്തിൽ ഇപ്പോൾ "ഡിമോസ്" ഫർണ്ണിച്ചർ എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഫയൽ,അസ്സസ്സ്മെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് താഴെപ്പറയും പ്രകാരം ആകെ 1492.38 എം$^2$ ന് നികുതി നിർണ്ണയിച്ചിട്ടുണ്ട്.

ഗ്രൗണ്ട് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

ഫസ്റ്റ് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

സെക്കന്റ് ഫ്ലോർ- 488എം$^2$+28.38m$^2$(പാർപ്പിടാവശ്യം)

എന്നാൽ 6.6.2018 ൽ ഓവർസിയർ നടത്തിയ പരിശോധനയിൽ ടി കെട്ടിടത്തിന്റെ മുൻഭാഗത്ത് ഇരുവശത്തുമായി ഷീറ്റിട്ട് മറച്ചതായി (8.2 mX 2.8m + 9.9 mX 1.8m ) റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ആയതു പൊളിച്ചുനീക്കുന്നതിന് ടിയാന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും ആയതു പൊളിച്ചുനീക്കിയിട്ടില്ലാത്തതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു.

കൂടാതെ കെട്ടിടനമ്പർ നൽകിയശേഷം ഉപയോഗക്രമത്തിലും ഘടനയിലും മാറ്റം വരുത്തിയിട്ടുണ്ട്. സെക്കന്റ് ഫ്ലോർ പാർപ്പിടാവശ്യം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ടി ഫ്ലോറിന്റെ 516.38എം$^2$ ഭാഗവും വാണിജ്യാവശ്യത്തിന് (ഓഫീസ് റൂം ഉൾപ്പെടെ) ഉപയോഗിക്കുന്നതായി 28.10.2019 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. തേർഡ് ഫ്ലോർ കെട്ടിയടച്ച് (ട്രസ്സ് വർക്ക്)മേൽ സ്ഥാപനത്തിന്റെ സ്റ്റോർ റൂമായും ഉപയോഗിക്കുന്നു. തേർഡ് ഫ്ലോറിന്റെ ക്രമവൽക്കരണത്തിനായി ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള ഏരിയയുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

ഗ്രൗണ്ട് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

ഫസ്റ്റ് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

സെക്കന്റ് ഫ്ലോർ-488m$^2$(പാർപ്പിടാവശ്യം)

സെക്കന്റ് ഫ്ളോർ യഥാർത്ഥത്തിൽ 516.38m$^2$ ആണെങ്കിലും ക്രമവൽക്കരണത്തിന് നൽകിയ അപേക്ഷയിൽ 488m$^2$ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

തേർഡ് ഫ്ലോർ-488എം$^2$(വാണിജ്യാവശ്യം)

സ്ഥലപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെച്ചേർക്കുന്നു.

1.ഗ്രൗണ്ട് ഫ്ലോറിൽ എയർ കണ്ടീഷനിംഗ് സംവിധാനം ഉണ്ടെങ്കിലും ആയതനുസരിച്ച് നികുതി നിർണ്ണയിച്ചിട്ടില്ല.

2.റോഡിൽനിന്നുള്ള അകലം 5 മീറ്ററില്ലാത്തതും പാർശ്വാങ്കണത്തിന് നിശ്ചിത അകലം പാലിച്ചിട്ടില്ലാത്തതുമാണ്.

3.കാർ പാർക്കിങ്ങിനായി പ്രത്യേകം സ്ഥലം നീക്കിവച്ചിട്ടുണ്ടെങ്കിലും ആയതു നിർമ്മിച്ചിട്ടില്ല.

4.പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ലിഫ്റ്റ് നിർമ്മിച്ചിട്ടില്ല.

വസ്തുനികുതി നിർണ്ണയിച്ചതുപ്രകാരം നഗരസഭയ്ക്ക് നഷ്ടമായ തുകയുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫ്ളോർ | വിസ്തീർണ്ണം | ഈടാക്കിയ നികുതി@120 | ഈടാക്കേണ്ട നികുതി@120 | നഷ്ടം |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 488എം$^2$ | 488എം$^2$X120= 58560+<br>20496(റോഡിന്റെ തരം-20% തറനിർമ്മിതി-15%)<br>ആകെ-79056 | 58560+<br>26352(റോഡിന്റെ തരം-20%+ തറനിർമ്മിതി-15%+കേന്ദ്രീകൃത എയർകണ്ടീഷൻ-10%)<br>ആകെ-84912 | 5856 |
| ഫസ്റ്റ് ഫ്ലോർ | 488എം$^2$ | 488എം$^2$X120=<br>58560+<br>20496(റോഡിന്റെ തരം-20%+ തറനിർമ്മിതി-15%)<br>=79056-3953<br>(വ്യവസായ ആവശ്യത്തിനുള്ള പരിമിതി)(-5%)<br>ആകെ-75103 | 58560+<br>20496-3953(റോഡിന്റെ തരം-20%+ തറനിർമ്മിതി-15%-വ്യവസായ ആവശ്യത്തിനുള്ള പരിമിതി (-5%)<br>ആകെ-75103 | - |
| സെക്കന്റ് ഫ്ലോർ | 516.38എം$^2$(488+28.38m2) | 516.38എം$^2$X12=<br>6197+2169(റോഡിന്റെ തരം-20% തറനിർമ്മിതി-15%)ആകെ-8366 | 516.38എം2X120= 61966+21688 (റോഡിന്റെ തരം-20%+ തറനിർമ്മിതി-15%)<br>=83654-6197<br>വ്യവസായ ആവശ്യത്തിനുള്ള പരിമിതി(-10%)<br>ആകെ-77457 | 69091 |
| തേർഡ് ഫ്ലോർ | 488എം$^2$ | നിർണ്ണയിച്ചിട്ടില്ല. | 488എംX120=<br>58560+ | 70272 |

| | | | | |
|---|---|---|---|---|
| | | | 20496(റോഡിന്റെ തരം-20%+ തറനിർമ്മിതി-15%)<br>=79056-8784<br>വ്യവസായ ആവശ്യത്തിനുള്ള പരിമിതി(-15%)<br>ആകെ-70272 | |
| **ആകെ** | | | | 145219 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് കെട്ടിടനികുതി പുനർനിർണ്ണയം നടത്തി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

മേൽപ്രകാരം കെട്ടിടം ക്രമവൽക്കരിക്കേണ്ടതും പാർപ്പിടാവശ്യം എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ച സെക്കന്റ് ഫ്ലോറിന് 200 ചതുരശ്രമീറ്ററിനു മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ചുമത്തേണ്ട 120 രൂപ നിരക്കിൽ നികുതി (ബഹുനില കെട്ടിടത്തിന് അനുവദനീയമായ ഇളവ് നൽകി) നിർണ്ണയിക്കേണ്ടതുമാണ്.അനധികൃത നിർമ്മാണം പൊളിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.നഗരസഭയ്ക്ക് നഷ്ടമായ 1,45,219/- രൂപ സേവനനികുതി, ലൈബ്രറി സെസ്സ് എന്നിവ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 11/26.10.19

## 2-3 വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

**<u>1.ഫയൽ നം.R1/E1/5357/18/21.6.18</u>**

ശ്രീ.ഗോപാലകൃഷ്ണൻ & ശ്രീമതി. മിനിമോൾ എന്നീ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് KM II/1893 A,1893 B, 1893 C നമ്പർ പ്രകാരം 501.95 എം2 ന് നികുതി നിർണ്ണയിച്ചിട്ടുണ്ട്.

സെല്ലാർ ഫ്ലോർ-116.26 എം2

ഗ്രൗണ്ട് ഫ്ലോർ-122.66എം2(വാണിജ്യാവശ്യം)

ഫസ്റ്റ് ഫ്ലോർ-122.66എം2(വാണിജ്യാവശ്യം)

സെക്കന്റ് ഫ്ലോർ- 122.66എം2(വാണിജ്യാവശ്യം)

സ്റ്റെയർറൂം &ലിഫ്റ്റ്-17.71 എം2

ടി കെട്ടിടത്തിന്റെ ഭൗതിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

ഗ്രൗണ്ട് ഫ്ലോറിൽ തമ്പുരാൻ ജ്വവലറി എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ടി ഫ്ലോറിൽ കേന്ദ്രീകൃത എയർ കണ്ടീഷൻ ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിലുള്ള 10% വർദ്ധനവു വരുത്തിയല്ല നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ III ഫ്ലോർ സ്റ്റെയർറൂമായി കണക്കാക്കി 17.71 എം2 ന് II ഫ്ലോറിനൊപ്പം നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ III ഫ്ലോർ ട്രസ്സ് വർക്കുചെയ്ത് ഭാഗികമായി കെട്ടിയടച്ച നിലയിലാണ്.ആയതനുസരിച്ച് 122.66എം2 ന് നികുതി നിർണ്ണയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫ്ലോർ | വിസ്തീർണ്ണം | ഈടാക്കിയ നികുതി@120 | ഈടാക്കേണ്ട നികുതി (സേവനനികുതി, ലൈബ്രറി സെസ് ഉൾപ്പെടെ) | നഷ്ടം |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 161.41 (122.66+ 38.75) (common area) | 19369+6779(20%-റോഡിന്റെ തരം 15%-തറ നിർമ്മിതി) 26148+ 2615(ST) 1308(L/C)= 30071 | 19369+8716 (20%-റോഡിന്റെ തരം 15%-തറ നിർമ്മിതി 10%-കേന്ദ്രീകൃതA/C) 28085+2809+1404 =32298 | 2227 |
| ഫസ്റ്റ് ഫ്ലോർ | 161.41 (122.66+ 38.75) (common area) | 19369+6779 (20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി) 26148X95/100= (വ്യവസായ ആവശ്യത്തിനുള്ള പരിമിതി) 24841+2484+1242=28567 | 19369+6779-968 (20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി)-5% (വ്യവസായആവശ്യത്തിനുള്ള പരിമിതി)= 25180+2518+1259=28957 | 390 |
| സെക്കന്റ് ഫ്ലോർ | 179.13(122.66+ 38.75(common area)+ 17.71 (സ്റ്റെയർറൂം) | 21496+7524 (20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി) 29020X90/100= (വ്യവസായ ആവശ്യത്തിനുള്ള പരിമിതി) | 179.13X120= 21496+7524 (20%-റോഡിന്റെ തരം+ 15%-തറ നിർമ്മിതി)-10% (വ്യവസായ ആവശ്യത്തിനുള്ള പരിമിതി)= | 864 |

| | | | | |
|---|---|---|---|---|
| | | 26118+2612+1306=30036 | 26870+2687+1343=30900 | |
| തേർഡ് ഫ്ലോർ | 122.66 | - | 14719+5151<br>(20%-റോഡിന്റെ തരം+<br>15%-തറ നിർമ്മിതി)=15%<br>(വ്യവസായ<br>ആവശ്യത്തിനുള്ള പരിമിതി=<br>17663+1766+883=20312 | 20312 |
| ആകെ | | | | 23793 |

സ്ഥലപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെച്ചേർക്കുന്നു.

1.കെട്ടിടത്തിന്റെ പുറകുവശം ,പാർശ്വാങ്കണം എന്നിവ കൃത്യമായ അളവു പാലിക്കുന്നില്ല.

2.ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തുനികുതിയിനത്തിൽ കുറവു വന്ന 23,793/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

II . <u>ഫയൽ നം.R1/E1/4844/18/3.4.18</u>

ശ്രീ.ബേബിക്കുട്ടി, കൊച്ചുവിള പണയിൽ എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് KM IV/1095 A,1095 B,1095 C,1095 D എന്നിങ്ങനെ നമ്പർ നൽകി 258.83 $m^2$ ന് നികുതി നിർണ്ണയിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന് നികുതി നിർണ്ണയിച്ചതിൽ കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിലുള്ള 10% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ടിനത്തിൽ 7144/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഫ്ലോർ | വിസ്തീർണ്ണം | ഈടാക്കിയ നികുതി@110 | ഈടാക്കേണ്ട നികുതി@120 | നഷ്ടം |
|---|---|---|---|---|
| ഗ്രൗണ്ട് ഫ്ലോർ 1095 A | 9.94 | 1093+<br>219(20%-റോഡിന്റെ തരം)<br>1312+131+66=<br>1509 | 1193+358(20%-റോഡിന്റെ തരം<br>10%-കേന്ദ്രീകൃതA/C)<br>1551+155+78=<br>1784 | 275 |
| 1095B | 151.75 | 16693+3339(20%-റോഡിന്റെ തരം)<br>20032+2003+ | 18210+5463(20%-റോഡിന്റെ തരം 1<br>10%-കേന്ദ്രീകൃതA/C) | 4187 |

| | | | | |
|---|---|---|---|---|
| | | 1002=23037 | 23673+2367+ 1184=27224 | |
| 1095 C | 82 | 9020+1804(20%-റോഡിന്റെ തരം) 10824+1082+541= 12447 | 9840+2952(20%-റോഡിന്റെ തരം 10%-കേന്ദ്രീകൃതA/C) 12792+1279+640=14711 | 2264 |
| 1095D | 15.14 | 1665+333(20%-റോഡിന്റെ തരം ) 1998+200+100= 2298 | 1817+545(20%-റോഡിന്റെ തരം 10%-കേന്ദ്രീകൃതA/C) 2362+236+118= 2716 | 418 |
| **ആകെ** | | | | **7144** |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വസ്തു നികുതിയിനത്തിൽ കുറവു വന്ന **7144/-** രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 17 /29.10.19

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്നുനിറയ്ക്കൽ-ഉയർന്ന നിരക്ക് നൽകി.34,814/- രൂപ നിരാകരിക്കുന്നു

1. പ്രോജക്റ്റ് നം. : 96/19

പേര് : കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്
അടങ്കൽ: 1,50,000/-
ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് -റോഡ്
നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
കരാർ നം.: 46/എ.ഇ./18-19/5.10.2018

കരാറുകാരൻ : ശ്രീ ശ്രീകുമാർ(എസ്റ്റിമേറ്റ് നിരക്ക്)
ചെലവ് : 1,49,686/-രൂപ
ബിൽ നം. 49/7.1.2019
എം.ബുക്ക് നം. : 29/18-19
2. പ്രോജക്റ്റ് നം. : 12/19
പേര് : ഉരുമുറ്റം- പാലവിള കോളനി റോഡിന് സംരക്ഷണഭിത്തി നിർമ്മാണം
അടങ്കൽ:4,50,000/-
ഫണ്ടിനം : എസ്.സി.പി.ഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
കരാർ നം.: 24/എ.ഇ./18-19/25.9.2018
കരാറുകാരൻ : ശ്രീ സതീശൻ (എസ്റ്റിമേറ്റ് നിരക്ക്)
ചെലവ് : 4,42,452/-രൂപ
ബിൽ നം. 70/18.3.2019
എം.ബുക്ക് നം. : 53/18-19

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തികളിൽ കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട് (പ്രോജക്റ്റ് നം. : 12/19) എന്ന പ്രവൃത്തിയുടെ നാലാമിനമായി 111 ക്യൂബിക് മീറ്ററും ഉരുമുറ്റം- പാലവിള കോളനി റോഡിന് സംരക്ഷണഭിത്തിനിർമ്മാണം എന്ന പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അധികയിനങ്ങളിലെ ഏഴാമിനമായി 98.98 ക്യൂബിക് മീറ്ററും കരാറുകാരന്റെ സ്വന്തം മണ്ണ് കൊണ്ടുവന്ന നിറച്ചതിന് ഡി.എസ്.ആർ. കോഡ് 60.2.1 പ്രകാരം ക്യൂബിക് മീറ്ററിന് 460.77/- രൂപ നിരക്കിൽ യഥാക്രമം 51,145/- രൂപയും 45,607/- രൂപയും നൽകിയിട്ടുണ്ട്. ഇടുങ്ങിയ കുഴികൾ, ഫൗണ്ടേഷന്റെ വശങ്ങൾ എന്നിവിടങ്ങളിൽ മണ്ണ് നിറയ്ക്കുന്നതിന് നൽകേണ്ട ഉയർന്ന നിരക്കാണ് ഇവിടെ നൽകിയിരിക്കുന്നത്. എന്നാൽ റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കുന്ന ടി പ്രവൃത്തികളിൽ ബേസ്മെന്റ്, സൂപ്പർസ്ട്രക്ച്ചർ എന്നിവ നിർമ്മിച്ച ശേഷം ഏകദേശം 2 മുതൽ 4.5 മീറ്റർ വരെ വീതിയിൽ ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലാണ് നടത്തിയിട്ടുള്ളത്. ഇതിന് അനുവദനീയമായത് ഓപ്പൺ ഏരിയയിൽ മണ്ണ് നിറയ്ക്കലിന് ഡി.എസ്.ആർ. കോഡ് 50.2.26.1 പ്രകാരമുള്ള ക്യൂബിക് മീറ്ററിന് 294.97/- എന്ന നിരക്കാണ്. ഉയർന്ന നിരക്ക് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, സംരക്ഷണഭിത്തി കെട്ടി ബാക്ക് ഫില്ലിംഗ് നടത്തുന്നതിനാണ് പ്രസ്തുത നിരക്ക് നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് അംഗീകരിക്കാൻ കഴിയില്ല. ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

1. <u>കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്:</u>
അനുവദിച്ച നിരക്ക് :111x460.77= 51,145/-
അനുവദനീയമായ നിരക്ക് :111x294.97= 32,742 /-
അധികം നൽകിയത് : **18,403/-**
2. <u>ഗുരുമുറ്റം- പാലവിള കോളനി റോഡിന് സംരക്ഷണഭിത്തി നിർമ്മാണം</u>
അനുവദനീയമായ നിരക്ക് :98.98*294.97= 29,196 /-
അനുവദിച്ച നിരക്ക് :98.98x460.77=45607
അധികം നൽകിയത് : **16,411/-**

അനുവദിച്ച നിരക്ക് :98.98x460.77= 45,607/-

അധികം നൽകിയ 34,814/-(18403+16411) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.
എൻക്വയറി നം. 1/18.09.2019

## 3-2 മരാമത്ത് പ്രവൃത്തി- ടെണ്ടർ കുറവ് ക്രമീകരിക്കാതെ തുക നൽകി.96,864/- രൂപ നിരാകരിക്കുന്നു.

താഴെപ്പറയുന്ന മരാമത്തു പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽനിന്നും ടെണ്ടർ കുറവ് ക്രമീകരിച്ചിട്ടില്ല;

1. പ്രോജക്ട് : കല്ലുവാതുക്കൽ- തൈപ്പണ റോഡ് കോൺക്രീറ്റിംഗ്
(നം.168/19)
അടങ്കൽ: 1,00,000(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)
50,000(തനതുഫണ്ട്)
ചെലവ്: 1,49,407
ബിൽ നം.: 26/17.11.2018=1,00,000
ചെക്ക് നം.: 1788519/20.10.2018=49,407
കരാറുകാരൻ: ശ്രീ എൻ. രാജു
ടെണ്ടർ കുറവ്: 10.1%
കരാർ നം. : 11/17-18/25.7.2018
എം ബുക്ക് നം.: 13/18-19

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തി കരാറുകാരനായ ശ്രീ എൻ. രാജു 10.1% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് കരാർ വച്ചിട്ടുള്ളതാണ്. അളവുപുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 1,49,407/- രൂപയാണ്. ടെണ്ടർ കുറവ് ക്രമീകരിച്ച് ആകെ ചെലവഴിക്കാവുന്ന തുക തുക 1,34,317/-

രൂപയാണ്. എന്നാൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ 1,49,407/- രൂപ ചെലവഴിച്ചതുമൂലം കരാറുകാരന് 15,090/- രൂപ അധികം നൽകിയിട്ടുണ്ട്.

2. പ്രോജക്ട് : ധന്യ ഓഡിറ്റോറിയത്തിന് സമീപം സ്ലാബ് നിർമ്മാണം
(നം.63/19)
അടങ്കൽ: 1,00,000(മെയിന്റനൻസ് ഗ്രാന്റ്-റോഡ്)
50,000(തനതുഫണ്ട്)
ചെലവ്: 1,44,324
ബിൽ നം.: 29/31.10.2018=1,00,000
ചെക്ക് നം.: 1054248/14.11.2018=44,324
കരാറുകാരൻ: ശ്രീ ആർ. ശിവകുമാർ
ടെണ്ടർ കുറവ്: 16.66%
കരാർ നം. : 16/18-19/2.9.2018
എം ബുക്ക് നം.: 17/18-19

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തി കരാറുകാരനായ ശ്രീ ആർ. ശിവകുമാർ 16.66% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് കരാർ വച്ചിട്ടുള്ളതാണ്. അളവുപുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 1,44,324/- രൂപയാണ്. ടെണ്ടർ കുറവ് ക്രമീകരിച്ച് ആകെ ചെലവഴിക്കാവുന്ന തുക 1,20,280/- രൂപയാണ്. എന്നാൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ 1,44,324/- രൂപ ചെലവഴിച്ചതുമൂലം കരാറുകാരന് 24,044/- രൂപ അധികം നൽകിയിട്ടുണ്ട്.

3. പ്രോജക്ട് : കാലായിക്കുന്ന് -നടവഴി കോൺക്രീറ്റിംഗ്
(നം.194/19-സ്പിൽ ഓവർ)
അടങ്കൽ: 2,37,900(എസ്.സി.പി.)
ചെലവ്: 1,90,656
ബിൽ നം.: 14/25.5.2018
കരാറുകാരൻ: ശ്രീ. ചന്ദ്രബാബു
ടെണ്ടർ കുറവ്: 20.7%
കരാർ നം. : 42/16-17/6.2.2017
എം ബുക്ക് നം.: 73/17-18

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തി കരാറുകാരനായ ശ്രീ. ചന്ദ്രബാബു 20.7% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് കരാർ വച്ചിട്ടുള്ളതാണ്. അളവുപുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 1,90,656/- രൂപയാണ്. ടെണ്ടർ കുറവ് ക്രമീകരിച്ച് ആകെ ചെലവഴിക്കാവുന്ന തുക 1,51,190/-

രൂപയാണ്. എന്നാൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ 1,90,656/- രൂപ ചെലവഴിച്ചതുമൂലം കരാറുകാരന് 39,466/- രൂപ അധികം നൽകിയിട്ടുണ്ട്.

4. പ്രോജക്ട് : പുളിമൂട്- കോയിപ്പുറം റോഡ് കോൺക്രീറ്റിംഗ്
(നം.38/19)
അടങ്കൽ: 2,00,000(വികസനഫണ്ട്-പൊതുവിഭാഗം)
25,000(തനതുഫണ്ട്)
ചെലവ്: 2,00,000
ബിൽ നം.: 44/22.12.2018=2,00,000
കരാറുകാരൻ: ശ്രീ. അജീഷ്. എ.നായർ
ടെണ്ടർ കുറവ്: 19%
കരാർ നം. : 15/17-18/2.9.2018
എം ബുക്ക് നം.: 25/18-19

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രവൃത്തി കരാറുകാരനായ ശ്രീ. അജീഷ്.എ.നായർ 19% കുറവ് നിരക്കിൽ ക്വോട്ട് ചെയ്ത് കരാർ വച്ചിട്ടുള്ളതാണ്. അളവുപുസ്തകം പ്രകാരം ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം 2,24,366/- രൂപയാണ്. ടെണ്ടർ കുറവ് ക്രമീകരിച്ച് ആകെ ചെലവഴിക്കാവുന്ന തുക 1,81,736/- രൂപയാണ്. എന്നാൽ ടെണ്ടർ കുറവ് ക്രമീകരിക്കാതെ 2,00,000/- രൂപ ചെലവഴിച്ചതുമൂലം കരാറുകാരന് 18,264/- രൂപ അധികം നൽകിയിട്ടുണ്ട്.
ടെണ്ടർ കുറവ് ക്രമീകരിക്കാതെ തുക നൽകിയതിന് വിശദീകരണം അവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക്, അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ ആകെ തുകയായ 96,864/- രൂപ(15090+24044+39466+18264) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കാത്തപക്ഷം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.
ഓഡിറ്റ് എൻക്വയറി നം.2/21.10.2019, 6/24.10.2019, 9/25.10.2019.

## 3-3 റീടാറിംഗ് പ്രവൃത്തികൾ- ബാരലിന്റെ വില ഈടാക്കിയില്ല-4,213/- രൂപയുടെ നഷ്ടം

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത താഴെപ്പറയുന്ന റോഡ് റീടാറിംഗ് പ്രവൃത്തികൾക്ക് കരാറുകാരൻ വാങ്ങി ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയ്ക്ക് ഡി.എസ്.ആർ.2016 പ്രകാരം പായ്ക്ക്ഡ് ബിറ്റുമിനുള്ള നിരക്കാണ് കരാറുകാരന് നൽകിയിട്ടുള്ളത്. അതിനാൽ ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ എന്നിവയുടെ അളവിനനുസൃതമായി ബാരലിന്റെ വില കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്റ്റിന്റെ വിശദാംശം | ഉപയോഗിച്ച ബിറ്റുമിൻ/ ഇമൽഷൻ(കി.ഗ്രാം.) | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട വില(238+18% ജി.എസ്.ടി) |
|---|---|---|---|---|
| 1. | <u>നം.289/19-എം.സി. റോഡ്-ഈയംകുന്ന് റോഡ് റീടാറിംഗ്</u><br>അടങ്കൽ:4,90,000/-<br>ഫണ്ടിനം: എസ്.സി.പി.<br>ചെലവ് :4,89,730/-രൂപ.<br>ബിൽ നം.:62/18.3.2019<br>എം.ബുക്ക്നം.: 45/18-19<br>കരാറുകാരൻ:ശ്രീ സതീശൻ.എൻ | 2161+202.5 | 15 | 4,213 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച പ്രകാരം ഈടാക്കാതിരുന്ന ബാരലിന്റെ വിലയായ 4,213/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.8/25.10.2019.

## 3-4 കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്-കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല. 756/- രൂപയുടെ നഷ്ടം.

പ്രോജക്ട് നം. : 96/19

പേര് : കാരയ്ക്കൽവിള വലിയവീട്ടിൽ കുളം റോഡ് സൈഡ് കെട്ട്
അടങ്കൽ: 1,50,000/-
ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് -റോഡ്
നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ
കരാർ നം.: 46/എ.ഇ./18-19/5.10.2018
കരാറുകാരൻ : ശ്രീ ശ്രീകുമാർ(എസ്റ്റിമേറ്റ് നിരക്ക്)
ചെലവ് : 1,49,686/-രൂപ
ബിൽ നം. 49/7.1.2019
എം.ബുക്ക് നം. : 29/18-19

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ ഇനം 4 പ്രകാരം 111 m3 അളവിൽ കരാറുകാരന്റെ സ്വന്തം മണ്ണ് നിറച്ചതിന് 460.77/- രൂപ നിരക്കിൽ 51,145/- രൂപ നൽകിയിട്ടുണ്ട്. അതേ സമയം

ടി പ്രവൃത്തിയുടെ ഇനം 1 പ്രകാരം 4.723 m3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇത് കുറവ് ചെയ്യാതെയാണ് കരാറുകാരന്റെ സ്വന്തം മണ്ണ് നിറച്ചതിന് ഇനം 4 പ്രകാരം തുക നൽകിയിരിക്കുന്നത്. കുഴിച്ചെടുത്ത മണ്ണ് മറ്റേതെങ്കിലും രീതിയിൽ ഉപയോഗിച്ചിട്ടുള്ളതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം മണ്ണിന്റെ വിലയായി 756/- രൂപ (4.723*160) അധികം ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പ്രസ്തുത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാൻ കഴിയാത്ത ചെളിമണ്ണാണെന്നും സർട്ടിഫിക്കറ്റ് എഴുതാൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ തരം/ഉപയോഗം സംബന്ധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം ചെലവഴിച്ച 756/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.1/18.9.2019.

## 3-5 വക്കീൽ ഫീസ് അധികം നൽകി-തുക നിരാകരിക്കുന്നു.

ഫയൽ നം.ജി5-8854/17

<u>കേസ് നം.R.S.A No.1176/2014:</u> കൊട്ടാരക്കര നഗരസഭയിലെ 9-ാം വാർഡിലെ കിഴക്കേക്കര വസ്തുവുമായി ബന്ധപ്പെട്ട് മഹിളാസമാജം ഫയൽ ചെയ്ത കേസ് വാദിക്കുന്നതിനായി അഡ്വ.റ്റി.എം.അബ്ദുൾ ലത്തീഫിന് 50,000/- രൂപ ചെക്ക് നം 053027 /2.2.19 പ്രകാരം നൽകിയിട്ടുണ്ട്.

ജി.ഒ.എം.എസ്.36/2016 തസ്വഭവ 18.2.16 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേസ് ഒന്നിന് 15000/- രൂപവരെ വക്കീൽ ഫീസ് അനുവദിക്കാവുന്നതാണെന്നും അധികമായി ചെലവഴിക്കുന്ന തുകയ്ക്ക് വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതി ആവശ്യമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അനുമതിയില്ലാതെ ടി കേസിന് 35,000/-രൂപ അധികം ചെലവഴിച്ചു. തുക അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ചതിനാലാണ് (വകുപ്പദ്ധ്യക്ഷൻ എന്നത് നഗരസഭാ ചെയർപേഴ്സൺ എന്ന് തെറ്റായി വ്യാഖ്യാനിച്ചു) തുക അധികം നൽകിയതെന്ന് മറുപടി ലഭ്യമാക്കി.ടിയിനത്തിൽ അധികം ചെലവഴിച്ച 35000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

എൻക്വയറി നം. 5 /24.10.19

## 3-6 ഉദ്ഘാടനത്തിന് അധികം തുക ചെലവഴിച്ചു.

ഉഗ്രൻകുന്ന് പ്രദേശത്ത് സ്ഥാപിച്ച പ്ലാസ്റ്റിക്ക് ഷ്രഡ്ഡിംഗ് യൂണിറ്റിന്റെ ഉദ്ഘാടനത്തിന് ആകെ 20406 /-രൂപ ചെലവഴിച്ചു.ചെലവിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| | | |
|---|---|---|

| ചെലവു തുക | ചെക്ക് നം./തീയതി | തുക കൈപ്പറ്റിയത് |
|---|---|---|
| 10000 | 032863/17.7.18 | ശ്രീ.സജി ജെ.എച്ച്.ഐ |
| 8006 | 051484/25.9.18 | ശ്രീ.സജി ജെ.എച്ച്.ഐ |
| 2400 | 024301/20.8.19 | ശ്രീ.സജി ജെ.എച്ച്.ഐ |

ജി.ഒ(ആർ.ടി)3866/2015/തസ്വഭവ/28.12.15 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടനചടങ്ങിന് 25,000/- രൂപയും അല്ലാതെയുള്ള ഉദ്ഘാടനചടങ്ങിന് പരമാവധി 10,000/- രൂപയും മാത്രമാണ് തനതുഫണ്ടിൽനിന്നും ചെലവഴിക്കാവുന്നത്. ടി ഉദ്ഘാടനത്തിന്റെ നോട്ടീസ് പ്രകാരം മന്ത്രിമാരാരും പങ്കെടുത്തതായി കാണുന്നില്ല. ആയതിനാൽ 10,000/- രൂപ മാത്രമാണ് ടിയിനത്തിൽ ചെലവഴിക്കാവുന്നത്. 10,406/- രൂപ അധികം ചെലവഴിക്കാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് വിപുലമായ പരിപാടിയായിട്ടാണ് നടത്തിയതെന്നും അഡ്വാൻസ് നൽകിയ തുക ക്രമീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. എന്നാൽ തുക ക്രമീകരിച്ചതിന്റെ രേഖകളൊന്നും ഹാജരാക്കിയില്ല. ആയതിനാൽ അധികം ചെലവഴിച്ച 10,406/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ നിരാകരിച്ച തുക കിഴിച്ചുള്ള 10,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നഷ്ടതുക ഈടാക്കേണ്ടതും രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 5 /24.10.19

## 3-7 വാടകയ്ക്കെടുത്ത ടിപ്പറിനായി ടെസ്റ്റ് നടത്തുന്നതിന് തുക ചെലവഴിച്ചു.

നഗരസഭ കെ.എൽ 24 സി 7998 നം.ടിപ്പർ ലോറിയുടെ ടെസ്റ്റ് നടത്തുന്ന ആവശ്യത്തിലേക്ക് സെക്ഷൻ ക്ലാർക്ക് ശ്രീ.ജയരാജ് പേർക്ക് മുൻകൂറായി 20,000/- രൂപ ചെക്ക് നം.035711/17.4.18 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ മേൽ നമ്പറുള്ള ടിപ്പർ വാടകയ്ക്കെടുത്ത ടിപ്പറാണ് . മാലിന്യം നീക്കം ചെയ്യുന്നതിനായി ടി ടിപ്പർ വാടകയ്ക്ക് എടുത്ത വകയിൽ 5,000/- രൂപ ചെക്ക് നം.032470/17.4.18 പ്രകാരം നൽകിയിട്ടുണ്ട്. നഗരസഭയുടെ ടിപ്പർ ലോറിയുടെ നമ്പർ.കെ.എൽ 25-1659 ആണ്. ആയതിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ടെസ്റ്റ് നടത്തിയതായ രേഖപ്പെടുത്തലുകൾ ഒന്നുംതന്നെയില്ല. മുൻകൂർ ക്രമീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 20,000/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 26.8.2019-27.8.2019 | കെ.എസ്.എ.കെ.എൽ എം.എം.എൽ 1354/19തീയതി-3.9.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 3126007608018/ 9.7.18<br>3126007 608051/ 27.10.18<br>312600760 8066/ 13.12.18 | 43,517<br>1,16,149<br>89,999 | 2,49,665 | 2,06,148 | 43,517 |
| കേരള വാട്ടർ അതോറിറ്റി | മാടൻകാവ് കുടിവെള്ള പദ്ധതി<br>രണ്ടാം ഘട്ടം | 43/22.1218<br>72/18.3.19 | 1,10,000<br>15,05,700 | | -<br>- | 1,10,000<br>15,05,700 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡു കളിലെ പൈപ്പ് ലൈൻ എസ്റ്റൻഷൻ | 8/22.3.19<br>2/20.3.19<br>75/18.3.19 | 12,630<br>99,600<br>2,80,000 | -<br>-<br>- | 12,630<br>99,600<br>2,80,000 |
| കേരള വാട്ടർ അതോറിറ്റി | കൊണ്ടോ ട്ടിമൂല മൈത്രി നഗർ കോളനി പൈപ്പ് ലൈൻ എസ്റ്റൻഷൻ | 76/18.3.19 | 87,900 | - | 87,900 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,42,00,000/- രൂപ വരവുണ്ട്. 1,42,00,000 /-രൂപയിൽ 71,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| PMAY-HUDCO Loan | Go(Rt)975/2019/LSGD/14.5.19 | 1,42,00,000 | - | - | - | 1,42,00,000 |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,25,000/-രൂപയുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3.3.1 | 1,00,000 | ശ്രീ.പി.പൗലോസ്, ഹെൽത്ത് ഇൻസ്പെക്ടർ-1 | 41800336 /1.4.18 |
| 2016-17 | 3.3.2 | 25,000 | ശ്രീ.പി.പൗലോസ്, ഹെൽത്ത് ഇൻസ്പെക്ടർ-1 | 1180201040000 /22.6.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-1 | 2014-15 | 6-4 | വിഇഒ നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേട് | വിഇഒയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| 2013-14 | 3-2,3-3 | 2014-15 | 6-4 | വിഇഒ നടപ്പാക്കിയ പദ്ധതിയിലെ ക്രമക്കേട് | വിഇഒ യ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |
| 2015-16 | 3-1 | 2016-17 | 3-1 | സർക്കാർ വ്യവസ്ഥകൾ പാലിക്കാതെ പട്ടികജാതി വിദ്യാർത്ഥി കൾക്ക് ഫർണ്ണിച്ചർ വാങ്ങൽ | RR നടപടികൾ ക്കായി അയച്ചിരിക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 19,50,80,153/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 16,02,58,693/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 4,31,173/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,02,053/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 10,46,342/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 2,55,017/- | | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| 2-2 | 14,5219/- | | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| 2-3(I) | 23,793/- | | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| 2-3(II) | 7144/- | | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| 3-1 | | 34814/- | ശ്രീ.വിജയകുമാരൻപിള്ള,മുനി.എൻജിനീയർ |
| 3-2 | | 57398/-<br>39466/- | ശ്രീ.വിജയകുമാരൻപിള്ള,മുനി.എൻജിനീയർ<br>ശ്രീ. ജയഭദ്രൻ. ആർ, മുനി.എൻജിനീയർ |
| 3-3 | | 4213/- | ശ്രീ.വിജയകുമാരൻപിള്ള,മുനി.എൻജിനീയർ |
| 3-4 | | 756/- | ശ്രീ.വിജയകുമാരൻപിള്ള,മുനി.എൻജിനീയർ |
| 3-5 | | 35000/- | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| 3-6 | | 10406/- | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| | | | |

| | | | |
|---|---|---|---|
| 3-7 | | 20000/- | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| ആകെ | 4,31,173/- | 2,02,053/- | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 4,80,130/- | ശ്രീ.വിജയകുമാരൻപിള്ള,മുനി.എൻജിനീയർ |
| 1-23 | 4,94,677/- | ശ്രീ. ജയഭദ്രൻ. ആർ, മുനി.എൻജിനീയർ |
| 1-28 | 10,000/- | ശ്രീ. ഡി.വി.സനൽകുമാർ, സെക്രട്ടറി. |
| 1-33 | 27,600/- | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| 1-37 | 25000/- | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| 1-39 | 8,935/- | ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി |
| **ആകെ** | **10,46,342/-** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല.

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിജയകുമാരൻപിള്ള,മുനി.എൻജിനീയർ | മുനി.എൻജിനീയർ കൊട്ടാരക്കര നഗരസഭ | ലക്ഷ്മി വിലാസം ഉൂറ്റിക്കൽ മതിര.പി.ഒ |
| ശ്രീ.ഡി.വി.സനൽകുമാർ,സെക്രട്ടറി | സെക്രട്ടറി കൊട്ടാരക്കര നഗരസഭ | അനുഗ്രഹ ഒറ്റശേഖരമംഗലം കാട്ടാക്കട തിരുവനന്തപുരം |
| ശ്രീ. ജയഭദ്രൻ. ആർ, മുനി.എൻജിനീയർ | റിട്ടയേർഡ് | അമ്പാടി |

| | | |
|---|---|---|
| | | നേതാജി ജംഗ്ഷൻ, ഏഴുകോൺ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 | എൽ.എഫ്.ക്യൂ.പി.3/1194(4)/14<br>തീയതി - 12.06.14 | 18 |
| 1995-96 | എൽ.എഫ്.ക്യൂ.പി.3/1194(5)/14<br>തീയതി - 12.06.14 | 18 |
| 1997-98 | എൽ.എഫ്.ക്യൂ.പി.3/1194(6)/14<br>തീയതി -12.06.14 | 39 |
| 1998-99 | എൽ.എഫ്.ക്യൂ.പി.3/1194(7)/14<br>തീയതി - 12.06.14 | 12 |
| 1999-00 | എൽ.എഫ്.ക്യൂ.പി.3/1194(8)/14<br>തീയതി - 12.06.14 | 10 |
| 2000-01 | എൽ.എഫ്.ക്യൂ.പി.3/1194(9)/14<br>തീയതി - 12.06.14 | 4 |
| 2001-02 | എൽ.എഫ്.ക്യൂ.പി.3/1194(10)/14<br>തീയതി - 12.06.14 | 10 |
| 2002-03 | എൽ.എഫ്.ക്യൂ.പി.3/1194(11)/14<br>തീയതി - 12.06.14 | 8 |
| 2003-04 | എൽ.എഫ്.ക്യൂ.പി.3/1194(12)/14<br>തീയതി - 12.06.14 | 15 |
| 2004-05 | എൽ.എഫ്.ക്യൂ.പി.3/1194(13)/14<br>തീയതി - 12.06.14 | 6 |
| 2005-06 | എൽ.എഫ്.ക്യൂ.പി.3/1455/07<br>തീയതി - 4.01.18 | 2 |
| 2006-07 | എൽ.എഫ്.ക്യൂ.പി.3/1194(14)/14<br>തീയതി - 12.06.14 | 2 |
| 2007- | എൽ.എഫ്.ക്യൂ.പി.3/1194(15)/14 | 16 |

| | | |
|---|---|---|
| 08 | തീയതി - 12.06.14 | |
| 2008-09 | എൽ.എഫ്.ക്യൂ.പി.3/1194(16)/14<br>തീയതി - 12.06.14 | 24 |
| 2009-10 | എൽ.എഫ്.ക്യൂ.പി.3/1194(17)/14<br>തീയതി - 12.06.14 | 17 |
| 2010-11 & 2011-12 | എൽ.എഫ്.ക്യൂ.പി.3/1194(18)/14<br>തീയതി - 12.06.14 | 18 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.പി.പി.3/1972/14/04/12/2014 | 38 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.<br>പി.3/1803/15/13/11/2015 | 22 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.എം.എൽ-31/17<br>തീയതി – 08.02.17 | 43 |
| 2016-17 | കെ.എസ്.എ. കെ.എൽ.എം.<br>എം.എൽ-1811/18, തീയതി - 31.10.17 | 28 |
| 2017-18 | കെ.എസ്.എ. കെ.എൽ.എം.<br>എം.എൽ-208/19 തീയതി - 10.7.19 | എല്ലാ ഖണ്ഡികകളും |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

**<u>കെ.എസ്.എ.കെ.എൽ.എം.എം.എൽ-1567/19</u>**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി -17-02-2020

## <u>ഓഡിറ്റ് സാക്ഷ്യപത്രം 2018-19</u>

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും നഗരസഭാസ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **കൊട്ടാരക്കര നഗരസഭയുടെ 2018-19** വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കൊട്ടാരക്കര നഗരസഭ** 2018-19 വർഷത്തെ വാർഷികധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

No.KSA.KLM.ML – 1567/2019 , Dated – 17/02/2020

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Kottarakkara Municipality** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Kottarakkara Municipality** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

SENIOR DEPUTY DIRECTOR

Kerala State Audit Department

District Audit Office, Kollam

# അനുബന്ധം-2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**